# വേർപാട്

## നിസ്തുല്യതയും സവിശേഷതകളും

(**Brethren Distinctives**)



ഡോ. ജോൺസൺ സി. ഫിലിപ്പ്

ഡോ. സനീഷ് ചെറിയാൻ

ബ്രദറൺ റിസേർച്ച് ഗ്രൂപ്പ്

# വേർപാട്

## നിസ്തുല്യതയും സവിശേഷതകളും

### (Brethren Distinctives)

സവിശേഷതകൾ ഏറെയുള്ള ഒരു ക്രിസ്തീയ സഭാ വിഭാഗമാണ് ബ്രദറൺ സഭകൾ. മറ്റു സഭാ വിഭാഗങ്ങളിൽ നിന്നും ബ്രദറൺ സഭകൾക്കുള്ള വ്യത്യാസത്തെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും ബ്രദറൺ വിശ്വാസികളും മറ്റുള്ളവരും അറിഞ്ഞിരിക്കേണ്ട ആവശ്യമുണ്ട്.

ക്രിസ്തീയ സഭ നവീകരണത്തിന്റെ വിവിധ തലങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. സഭാ ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. ശ്രദ്ധേയമായ നവീകരണ പ്രസ്ഥാനങ്ങളിൽ ഏറ്റവും ഉൽക്കൃഷ്ടമായ ഒന്നാണ് ബ്രദറൺ മൂവ്മെന്റ് അഥവാ വേർപാടു പ്രസ്ഥാനം. വേർപാടു പ്രസ്ഥാനത്തിന്റെ ഉപദേശവും പ്രായോഗിക ജീവിത ക്രമീകരണവും ഇതര സഭകളുടെ ശ്രദ്ധയെ പോലും ആകർഷിച്ചിട്ടുണ്ട്.

*വേദവ്യാഖ്യാനത്തിലും ക്രിസ്തീയ ജീവിത ക്രമീകരണത്തിലും കേളികേട്ട ഒരു ക്രിസ്തീയ വിഭാഗമാണ് ബ്രദറൺ സഭകൾ എന്ന പേരിലറിയപ്പെടുന്നത്. തിരുവചന വ്യാഖ്യാനത്തിലും ഉപദേശ വിഷയങ്ങൾ മറുകെ പിടിക്കുന്നതിലും ഇത്ര ജാഗ്രത പുലർത്തുന്ന മറ്റൊരു സഭാ വിഭാഗം ഇല്ലെന്നു തന്നെ പറയാം.*

വേദവ്യാഖ്യാനത്തിലും ക്രിസ്തീയ ജീവിത ക്രമീകരണത്തിലും കേളികേട്ട ഒരു ക്രിസ്തീയ വിഭാഗമാണ് ബ്രദറൺ സഭകൾ എന്ന പേരിലറിയപ്പെടുന്നത്. തിരുവചന വ്യാഖ്യാനത്തിലും ഉപദേശ വിഷയങ്ങൾ മറുകെ പിടിക്കുന്നതിലും ഇത്ര ജാഗ്രത പുലർത്തുന്ന മറ്റൊരു സഭാ വിഭാഗം ഇല്ലെന്നു തന്നെ പറയാം. ഇതര സഭാവിഭാഗങ്ങൾക്കുള്ളതിലും ആഴമായ സ്വാധീനം ക്രിസ്തീയ സഭാ ചരിത്രത്തിൽ ബ്രദറൺ പ്രസ്ഥാനത്തിനുണ്ടെന്നതു സഭാ ചരിത്ര ഗവേഷകർ സമ്മതിക്കുന്ന ഒരു വസ്തുതയാണ്.

പെന്തക്കോസ്തു നാളിൽ ആരംഭിച്ച ക്രിസ്തീയ സഭ ലോകത്തിൽ നിസ്തുല്യ സവിശേഷതകളോടെ പടർന്നു പന്തലിച്ചു. ഉപദേശ ശുദ്ധിയും ജീവിത വിശുദ്ധിയും ചേർന്നു വന്നപ്പോൾ അനേകർക്ക് സ്വീകാര്യമായ ഒന്നായി ക്രിസ്തീയ വിശ്വാസം മാറി. ജന സ്വാധീനം കണ്ടറിഞ്ഞ കോൺസ്റ്റൻ ടൈൻ എന്ന ചക്രവർത്തി ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതോടെ സഭാന്തരീക്ഷത്തിൽ ചില മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഒരു ഭരണാധികാരി എന്ന നിലയിൽ ക്രിസ്തീയ വിശ്വാസത്തെ ഒരു മതമായി അദ്ദേഹം സ്വീകരിച്ചത് രാഷ്ട്രീയ മുത

ലെടുപ്പിന്റെ ഒരുപാധി മാത്രമായിരുന്നു എന്നു വേണം മനസ്സിലാക്കാൻ. ക്രിസ്തീയ വിശ്വാസത്തെ തന്റെ രാഷ്ട്രത്തിന്റെ മതമായി പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ക്രിസ്തീയ വിശ്വാസ മാർഗ്ഗത്തെ ഒരു മതമാക്കി മാറ്റി.

അങ്ങനെ എ.ഡി. നാലാം നൂറ്റാണ്ടിൽ ഉപദേശപരമായ അന്ധകാരത്തിലേക്കു ക്രിസ്തീയ സഭകൾ വലിച്ചിഴയ്ക്കപ്പെട്ടു. റോമൻ കത്തോലിക്കാ സഭ ശക്തി പ്രാപിക്കയും അടിസ്ഥാന വേദപ്രമാണങ്ങൾ തിരസ്ക്കരിക്കപ്പെടുകയും ചെയ്തു. ക്രിസ്തീയ വിശ്വാസത്തെ ഇതര ജാതീയ വിശ്വാസാചാരങ്ങളുമായി കൂട്ടിക്കുഴച്ചതു മൂലം വിഗ്രഹാരാധന മുതൽ വചന വിരുദ്ധമായ നിരവധി ആചാരാനുഷ്ഠാനങ്ങൾ ക്രിസ്തീയ വേഷത്തിൽ ഉദയം ചെയ്തു. ജനങ്ങൾ ബൈബിൾ വായിച്ചാൽ സത്യം മനസ്സിലാക്കുമെന്നതുകൊണ്ട് സാധാരണ ജനങ്ങൾക്കു ബൈബിൾ വായിക്കാനും കൈവശം വയ്ക്കാനുമുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. മാർട്ടിൻ ലൂഥർ എന്ന കത്തോലിക്കാ പുരോഹിതനിൽ ഒരു ആത്മീക ഉണർവ്വുണ്ടാകുന്നതുവരെ ഈ സ്ഥിതി തുടർന്നു. സാധാരണക്കാരനു ബൈബിൾ അന്യമായതിനാൽ ഒരു പുരോഹിതനിൽ തന്നെ ഉണർവ്വിന്റെ കാറ്റൂതുവാൻ ദൈവത്തിന് ഇഷ്ടമായി.

പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനത്തിന്റെ ഉദയത്തോടെ തിരുവചന സത്യങ്ങൾ സാധാരണക്കാർക്കും ലഭിച്ചു തുടങ്ങി. ലൂഥറും, കാൽവിനും മറ്റു നവീകരണ കർത്താക്കളും റോമൻ കത്തോലിക്കർ തന്നെ ആയിരുന്നതിനാൽ കത്തോലിക്കാ സഭ പഠിപ്പിച്ച പല ഉപദേശങ്ങൾ അവരിൽ പിൽക്കാലത്തും സ്വാധീനം ചെലുത്തിയിരുന്നു. തന്മൂലം മാർട്ടിൻ ലൂഥറിൽ ആരംഭിച്ച നവീകരണം പൂർണ്ണമായും നവീകരിക്കപ്പെട്ടതായിരുന്നു എന്നു പറയാൻ സാധിക്കില്ല. തിരുവചനവു



മായി പൂർണ്ണമായ യഥാസ്ഥാപനത്തിന് ഒരു നവീകരണം കൂടി ആവശ്യമായിരുന്നു. അപ്രകാരം പ്രൊട്ടസ്റ്റന്റു നവീകരണത്തിലുണ്ടായ മറ്റൊരു നവീകരണമാണ് ബ്രദറൺ മൂവ്മെന്റ്.

ആയിരത്തി എണ്ണൂറുകളിൽ ആരംഭിച്ച ബ്രദറൺ പ്രസ്ഥാനം നവീകരണ പ്രസ്ഥാനത്തിലും ഒരുപടി മുന്നിലായിരുന്നു. തിരുവചനത്തിലേക്കു മടങ്ങിവന്നു വചന സത്യങ്ങൾ പ്രഖ്യാപിക്കയും വചനാനുസൃതം ജീവിക്കയും ചെയ്യുക എന്നതായിരുന്നു ആപ്തവാക്യം. ബ്രദറൺ പ്രസ്ഥാനം ശരിയായ തിരുവചന ഉപദേശത്തെയും വിശുദ്ധ ജീവിതത്തെയും പ്രഖ്യാപനങ്ങളെയും ആശ്ലേഷിച്ചു. ക്രിസ്തീയ സഭകളിൽ പൊതു സ്വീകാര്യമെങ്കിലും വചന വിരുദ്ധമെന്നു കണ്ട ഉപദേശങ്ങളെയും ആചാരങ്ങളെയും പൂർണ്ണമായും ഉപേക്ഷിച്ചു. വേർപാടു പ്രസ്ഥാനത്തിനു മുമ്പ് പല നവീകരണങ്ങളും ഉണ്ടായെങ്കിലും പലതും അപൂർണ്ണങ്ങളായിരുന്നു. ചിലതു സത്യ ഉപദേശം മുറുകെ പിടിച്ചെങ്കിലും ജാതീയ ആചാരങ്ങൾ പിന്തുട

ർന്നു. വേറെ ചിലതു വചന പ്രകാരമുള്ള ആചാരങ്ങൾ പിന്തുടർന്നെങ്കിലും ഉപദേശപരമായി വചനത്തോടു കൂടുതൽ നീതി പുലർത്താതിരുന്നതുകൊണ്ട് താമസിയാതെ തന്നെ പൂർവ്വാവസ്ഥയിലായി.

**ബ്രദറൺ പ്രസ്ഥാനത്തിന്റെ ആരംഭത്തിലാണ് തിരുവചന ഉപദേശങ്ങൾക്കും പ്രായോഗിക ജീവിതത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും തിരുവചനാനുസൃത രൂപം വീണ്ടും സ്ഥാപിക്കപ്പെട്ടത്. അതാണ് സഭാ ചരിത്രത്തിൽ ബ്രദറൺ സഭകളെ നിസ്തുല്യമാക്കുന്ന സവിശേഷത.** റോമൻ കത്തോലിക്കാ സഭയാൽ അന്ധകാരമാക്കപ്പെട്ട ക്രിസ്തീയ സഭാ ചരിത്രത്തിൽ തിരുവചനത്തിന്റെ പൊൻപ്രഭ വിതറുവാൻ ബ്രദറൺ പ്രസ്ഥാനം വഹിച്ച പങ്ക് ക്രിസ്തീയ സഭാ ചരിത്രത്തിന്റെ നാഴികക്കല്ലാണ്. ഞങ്ങളും ആ മഹത്പ്രസ്ഥാനത്തിന്റെ ഭാഗമാണെന്നതിൽ അഭിമാനിക്കുന്നു.

ബ്രദറൺ സഭാ വിശ്വാസികളായ നാം തിരുവചനത്തിനു വേണ്ടി ജീവിക്കാൻ സമർപ്പിക്കപ്പെട്ടവരാണ്. ആ വേർപാടു സത്യങ്ങളെ പുനരാവിഷ്ക്കരിക്കുന്നതിലൂടെ ഒരു പുനർസമർപ്പണവും ഞങ്ങൾ ആഗ്രഹിക്കുന്നു. നാം ആരെന്നും നമ്മുടെ ആപ്തവാകൃങ്ങൾ എന്തെന്നും അവയോടുള്ള ബന്ധത്തിൽ നമ്മുടെ മനോഭാവം എന്തെന്നും ഒന്നു പുനരവലോകം ചെയ്യണം. അതെ! വേർപാടു പ്രസ്ഥാനത്തിന്റെ സവിശേഷതകളെ തിരിച്ചറിഞ്ഞു തിരുവചന സത്യങ്ങൾക്കും വേർപാടിനുമായി നമ്മെ ഒന്നു പുനർസമർപ്പണം ചെയ്യാനിടയാകണം എന്നാണ് ഈ ചെറുഗ്രന്ഥത്തിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത്.

ബ്രദറൺ സവിശേഷതകളെയും നിസ്തുല്യതയെയും ചുവടെ ചേർക്കും വിധം തലക്കുറികളിൽ ഞങ്ങൾ അവതരിപ്പിക്കട്ടെ.

## ശരിയായ ഉപദേശ നിലപാട്

ശരിയായതും ഉറപ്പുള്ളതുമായ അടിസ്ഥാനത്തിന്മേൽ പണിതില്ലെങ്കിൽ ഇടിഞ്ഞു പോകുമെന്ന വ്യക്തമായ ബോദ്ധ്യം ബ്രദറൺ/ വേർപാട് പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ അഥവാ ആരംഭകാല പ്രവർത്തകരിൽ ഉണ്ടായിരുന്നു. അടിസ്ഥാനം ബലവത്തല്ലെങ്കിൽ പോലും ആകർഷകവും മനോഹരവുമായി പണിയുവാൻ സാധിക്കുമെന്ന കാര്യവും അവർക്കറിയാമായിരുന്നു. എന്നാൽ ബാഹ്യപ്രദർശനമല്ലല്ലോ ആത്മീക ഉണർവ്വിന്റെയും നവീകരണത്തിന്റെയും ഉദ്ദേശ്യം. ആത്മീക നവീകരണത്തിന്റെ ഉദ്ദേശം എന്നതു ആരോഗ്യവും ഊർജ്ജസ്വലതുയുമുള്ള ദൈവജനത്തെ വാർത്തെടുക്കുക എന്നതാണ്. വേദപുസ്തകവും വിശ്വാസവും എന്ന ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ വളർന്നു പന്തലിക്കുന്ന അനുഗ്രഹീതമായ അവസ്ഥയാണ് നവീകരണത്തിന്റെ അനന്തരഫലം.

ആകയാൽ ബ്രദറൺ പ്രസ്ഥാനത്തിന്റെ ആരംഭനാൾ മുതൽ തന്നെ തിരുവെഴുത്തു വ്യക്തമായി പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും ദൈവദാസന്മാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിശ്വാസികളുടെ കൂടി വരവുകളിൽ വചന പഠനത്തിന് വളരെ പ്രാധാന്യം ബ്രദറൺ സഭാപിതാക്കന്മാർ നൽകിയിരുന്നു. വചനം പഠിപ്പിക്കുക മാത്രമായിരുന്നില്ല അവരുടെ ലക്ഷ്യം. തങ്ങളുടെ സഹവിശ്വാസികൾ വചനത്തിൽ പ്രാവിണ്യം നേടിയ ഉപദേഷ്ടാക്കന്മാരായിത്തീരണമെന്നും അവർ ആഗ്രഹിച്ചിരുന്നു. ബരോവയിലെ വിശ്വാസികളെ പോലെ വചനം അങ്ങനെ തന്നെയോ എന്നു ശോധന ചെയ്യണമെന്നു ഉത്ബോധിപ്പിക്കുകയും ചെയ്തിരുന്നു (അ.പ്ര. 17:11). സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവാനായി (1 തെസ. 5:21) അവർ ശ്രമിക്കുകയും വിശ്വാസികളെ ആ നിലയിൽ പ്രബോ

ധിപ്പിക്കുകയും ചെയ്തിരുന്നു. സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുക എന്നതായിരുന്നു ബ്രദറൺ സഭാപിതാക്കന്മാർ മുറുകെ പിടിച്ച ആപ്തവാക്യങ്ങളിലൊന്ന്. തന്മൂലം **ക്രിസ്തീയ പരിവേഷത്തിൽ ഉയർന്നു വരുന്ന ഏത് ഉപദേശത്തെയും ദൈവവചനമാകുന്ന മൂശയിലിട്ടു ശോധന ചെയ്തു. വചനത്തോടു നിരക്കാത്തവയെ യാതൊരു പരിഗണനയും നൽകാതെ പുറന്തള്ളുകയും വചനത്തോടു നിരക്കുന്നവയെ യാതൊരു ശങ്കയും കൂടാതെ സ്വീകരിക്കുകയും ചെയ്തു. തന്മൂലം ബ്രദറൺ സഭ പിന്തുടരുന്ന ഉപദേശങ്ങൾ അടിസ്ഥാനപരമായി വചനത്തോടു നൂറു ശതമാനവും കൂറു പുലർത്തുന്നതാണ്.** തന്നെയുമല്ല, ഇത്ര വ്യക്തവും നിർമ്മലവുമായ ഉപദേശ അടിസ്ഥാനമുള്ള വേറൊരു സഭാവിഭാഗവുമില്ലെന്നു പറയുന്നതു അതിശയോക്തിയാകില്ല.

വചനത്തോടുള്ള പ്രതിബദ്ധത നിമിത്തം വചന പഠനത്തിനായി ദിനംതോറുമോ ആഴ്ചയിൽ ഒരിക്കലോ കൂടിവരുന്നതു ബ്രദറൺ സമൂഹത്തിൽ പൊതുവായ ഒരു സവിശേഷതയാണ്. മറ്റു ക്രിസ്തീയ വിഭാഗങ്ങളും ഇത്തരം കൂടിവരവുകൾ നടത്തുന്നെങ്കിലും അവ മാനുഷികമായ ഏതെങ്കിലും ആചാരങ്ങൾക്കോ പെരുന്നാളുകൾക്കോ അത്ഭുതങ്ങളുടെ പേരിലോ ഒക്കെയാണ്. അത്തരം കൂടിവരവുകളുടെ ലക്ഷ്യം ആളുകളെ അടിമകളാക്കി നിർത്തുക എന്നതാണ്. എന്നാൽ മനുഷ്യർക്കുള്ള ദൈവിക സന്ദേശമായ തിരുവെഴുത്തു പഠിക്കുക എന്ന ഏക ലക്ഷ്യമായിരുന്നു ബ്രദറൺ കൂടിവരവുകൾക്കു പിന്നിൽ. തന്മൂലം തിരുവചന സംബന്ധമായി ബ്രദറുകാർക്കുള്ള ബോദ്ധ്യം കൃത്യതയുള്ളതാണെന്നു മാത്രമല്ല ഈ പശ്ചാത്തലത്തിൽ വളർത്തപ്പെട്ട യുവജനങ്ങൾ വചന നിശ്ചയം പ്രാപിച്ചവരും പഠിപ്പിക്കാനും പ്രസംഗിക്കാനും പ്രാപ്തരുമായിരിക്കുന്നു. ഈ സവിശേഷത ബ്രദറുകാർക്കു മാത്രമല്ല അനുഗ്രഹമായിരിക്കുന്നത്. എല്ലാ പ്രൊട്ടസ്റ്റന്റ് സഭകളും ഇതിന്റെ ഗുണഭോക്താക്കളാണ്. ദുരുപദേശങ്ങൾ തല ഉയർത്തുമ്പോൾ മുഖം നോക്കാതെ ചെറുത്തു നിൽക്കുന്ന ബ്രദറൺ വിശ്വാസികൾ മറ്റു സഭാ വിഭാഗങ്ങൾക്കും ദുരുപദേശങ്ങളുടെ പിടിയിൽ നിന്നു രക്ഷപ്പെടാൻ സഹായകമായിത്തീരാറുണ്ട്. ബാല്യകാലം മുതൽ തന്നെ തിരുവെഴുത്തു വ്യക്തമായ നിലയിൽ പഠിക്കുന്നതുകൊണ്ട് വചനവിരുദ്ധ ഉപദേശങ്ങളെ പെട്ടെന്നുതന്നെ തിരിച്ചറിയുവാൻ ബ്രദറൺ വിശ്വാസികൾ പ്രാപ്തരാണ്. ബ്രദറൺ സണ്ടേസ്കൂൾ പാഠാവലി തന്നെ ഈ ദർശനത്തിന് ഉത്തമ ദൃഷ്ടാന്തമാണ്. തന്മൂലം ചെറുത്തു നിൽപ്പും എളുപ്പം ഉണ്ടാകുന്നു. അതുകൊണ്ട് ദുരുപദേശങ്ങൾക്ക് ബ്രദറൺ സമൂഹത്തിൽ സ്ഥായിയായി ഇരിപ്പിടം കണ്ടെത്താൻ കഴിയുന്നില്ല എന്നതു വസ്തുതയാണ്. പ്രൊട്ടസ്റ്റന്റു സഭകൾക്കു തന്നെയും ബ്രദറൺ സമൂഹം പ്രചോദനവും ഊർജ്ജവുമാണ്. ഇന്നു മിക്കവാറും പ്രൊട്ടസ്റ്റന്റ് സഭകളും വിശ്വാസികളും വചനപഠനത്തിനായി ഉപയോഗിക്കുന്നത് ബ്രദറുകാർ എഴുതിയ വ്യാഖ്യാന ഗ്രന്ഥങ്ങളും ദൈവശാസ്ത്ര ഗ്രന്ഥങ്ങളുമാണ്. ബ്രദറൺ ഉപദേശത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയാത്തവർ പോലും വചന പഠനത്തിനായി ബ്രദറുകാരെ സമീപിക്കുന്നതിനു പിന്നിലും ഈ സവിശേഷത വ്യക്തമാണ്. യഹോവാ സാക്ഷികൾ, യേശു നാമക്കാർ തുടങ്ങിയ ദുരുപദേശ സംഘങ്ങളും ബ്രദറുകാരെ എതിരിടാൻ മടിക്കുന്നു. കാരണം തിരുവചനം മാത്രം എന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സമൂഹം എന്നതുതന്നെ.

ഏതെങ്കിലും നിലയിൽ ലഘൂകരിക്കാനോ കൂട്ടിക്കുഴയ്ക്കുവാനോ ഇടം കൊടുക്കാതെ

നാലു അടിസ്ഥാന തത്വങ്ങളിലാണ് ബ്രദറൺ പ്രസ്ഥാനം നിലകൊള്ളുന്നത്. ആ തത്വങ്ങൾ ചുവടെ ചേർക്കുന്നു.

1. സോളാ സ്ക്രിപ്ചുറാ - ബൈബിൾ മാത്രം

2. സോളാ ഫിഡേ - വിശ്വാസം മാത്രം

3. സോളാ ഗ്രാഷ്യാ - കൃപ മാത്രം

4. സോളസ് ക്രിസ്റ്റസ് - ക്രിസ്തു മാത്രം

അടിസ്ഥാന തത്വങ്ങളുടെ സംക്ഷിപ്തരൂപം ലത്തീൻ ഭാഷാ രൂപത്തിലും മലയാളത്തിലും നൽകിയിരിക്കുന്നു. ഈ ലത്തീൻ വാക്കുകൾ നവീകരണ കാലത്ത് ഒരു മുദ്രാവാക്യമായി നവീകരണ കർത്താക്കൾ ഏറ്റു ചൊല്ലിയിരുന്നതാണ്. നവീകരണ സമൂഹമെന്ന നിലയിൽ ബ്രദറുകാരായ നമുക്കും ഇവ ആപ്തവാക്യങ്ങൾ തന്നെ. ഈ തത്വങ്ങൾക്ക് ബ്രദറുകാരായ നാം നൽകുന്ന പ്രാധാന്യം പ്രൊട്ടസ്റ്റന്റ് നവീകരണത്തോട് നമുക്കുള്ള ബന്ധത്തിന്റെ അടയാളമാണ്. പല സഭാ വിഭാഗങ്ങളും മുകളിലുദ്ധരിച്ച ഉപദേശങ്ങൾ പറയാറുണ്ടെങ്കിലും ഏതെങ്കിലുമൊന്നിൽ തെറ്റുവരുത്തിയിട്ടുണ്ട്. ക്രിസ്തുവിൽ മാത്രമാണ് രക്ഷ എന്നു പഠിപ്പിക്കുന്ന സഭാവിഭാഗങ്ങളിൽ ചിലതു കൃപയാൽ മാത്രമുള്ള രക്ഷ എന്ന ഉപദേശത്തിൽ തെറ്റു വരുത്തിയിട്ടുണ്ട്. രക്ഷയ്ക്കു സൽപ്രവൃത്തികളും ആവശ്യമെന്നു ഇക്കൂട്ടർ പഠിപ്പിക്കുന്നു. മുകളിലുദ്ധരിച്ച നാലുപദേശങ്ങൾക്കു തുല്യ പ്രാധാന്യം നൽകുകയും യാതൊരു വിട്ടുവീഴ്ചയും ഇല്ലാതെ പഠിപ്പിക്കുകയും ചെയ്യുന്ന ചുരുക്കം ചില നവീകരണ സഭകളിൽ വെച്ച് പ്രധാന പങ്കു വഹിക്കുന്നവരാണ് ബ്രദറൺ അഥവാ വേർപാടുകാർ. ആകയാൽ നാം മുറുകെ പിടിക്കുന്ന 4 അടിസ്ഥാന ഉപദേശങ്ങളെ അല്പം വിശദമായി ഒന്നു വിശകലനം ചെയ്യാം.

**1. സോളാ സ്ക്രിപ്ചുറാ - ബൈബിൾ മാത്രം :** അനേകം സഭാ വിഭാഗങ്ങളും ദുരുപദേശ സംഘങ്ങളും തങ്ങളുടെ സങ്കല്പങ്ങളും വികലമായ ആശയങ്ങളും ക്രിസ്തീയ ഉപദേശത്തോടും പ്രായോഗിക ജീവിതത്തോടും കൂട്ടിയിണക്കാൻ ശ്രമിക്കാറുണ്ട്. ഇതിനുവേണ്ടി അവർ മനുഷ്യ നിർമ്മിത ഉറവിടങ്ങളായ സഭാപാരമ്പര്യം, മേലധ്യക്ഷന്മാരുടെ പഠിപ്പിക്കലുകൾ, സമൂഹ സ്ഥാപകന്റെ പുസ്തകങ്ങൾ എന്നിവയെ ആശ്രയിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ക്രിസ്തീയ ഉപദേശം എന്നതു ദൈവവചനവും മറ്റു വിവരങ്ങളും ചേർന്നു വരുന്നതാണ്. അപ്രകാരമാണ് അവർ വേദവിപരീത സംഘടനകളും സഭാവിഭാഗങ്ങളുമായി മാറുന്നത്.

എന്നാൽ **ബ്രദറൺ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ബൈബിൾ മാത്രമാണ് ക്രിസ്തീയ ഉപദേശത്തിനും ജീവിതത്തിനും ആധാരം.** മറ്റെന്തെങ്കിലും കാര്യത്തെ തിരുവചനത്തിനു തുല്യമായി കാണുകയോ വചനത്തോടു കൂട്ടിച്ചേർക്കുകയോ ചെയ്താൽ ദൈവിക സന്ദേശത്തിനു മങ്ങൽ ഏൽക്കും എന്ന് ബ്രദറൺ വിശ്വാസികൾ തിരിച്ചറിയുന്നു. ഇന്നു ക്രിസ്തീയ സമൂഹങ്ങളിൽ തന്നെ മാനുഷിക തത്വശാസ്ത്രങ്ങളും, ദർശനങ്ങളും, ആദർശങ്ങളും പ്രബലപ്പെട്ടു വരുന്നു. ഇതിനു ഉത്തമ ഉദാഹരണം റോമൻ കത്തോലിക്കാ സഭയാണ്. സഭാ ശുശ്രൂഷകർക്ക് ബ്രഹ്മചര്യം അടിച്ചേൽപ്പിക്കുന്നതിനായി അവർ പാരമ്പര്യം പിന്തുടരുന്നു. ഇതു തികച്ചും വേദവിപരീതമായ ആചാരമാണെന്നു മാത്രമല്ല, കഴിഞ്ഞ 1500ൽപരം വർഷങ്ങളായി സകലവിധ അധാർമ്മികതയും ക്രിസ്തീയ സമൂഹത്തിലേക്കു കൊണ്ടുവരാൻ ഒരു മുഖാന്തരമായി മാറുകയും ചെയ്തു. ബൈബിളിനോടു എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതു ദൈവിക സന്ദേശത്തെ

മറയ്ക്കും എന്നതു അനിഷേധ്യമായ വസ്തുതയാണ്.

1800ൽപരം വർഷത്തെ സഭാചരിത്രം പരിശോധിച്ചപ്പോൾ വചനം മാത്രം എന്ന ഉപദേശത്തിൽ അയവു വരുത്തിയ ഇടങ്ങളിലെല്ലാം സഭ നശിച്ചിട്ടുണ്ടെന്നു ബ്രദറൺ പിതാക്കന്മാർക്കു മനസ്സിലായി. സഭയിൽ വചനത്തിന് അതർഹിക്കുന്ന പ്രാധാന്യം നൽകിയില്ലെങ്കിൽ നവീകരണ സഭകളും പരാജയപ്പെടും എന്നതാണ് സഭാ ചരിത്രത്തിൽ നിന്നും അവർ ഉൾക്കൊണ്ട പാഠം. തന്മൂലം വേർപാട് നവീകരണ കർത്താക്കൾ തങ്ങളുടെ ആദ്യ ചുവടു വെച്ചപ്പോൾ തന്നെ വചനം മാത്രം എന്നതിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല എന്ന് ഉറച്ചിരുന്നു. ഉപദേശത്തിനും പ്രായോഗിക ജീവിതത്തിനും ഏകവും ആത്യന്തികവുമായ ഉറവിടവും അടിസ്ഥാനവും ബൈബിൾ മാത്രം എന്ന് വിവക്ഷ. ഈ തത്വത്തിൽ അടിസ്ഥാനപ്പെട്ടു മുന്നേറിയ ബ്രദറൺ പ്രസ്ഥാനത്തെ ആളുകൾ വിളിച്ചത് വേദപുസ്തകത്തിന്റെ ആളുകൾ (People of the Book) എന്നാണ്. തിരുവെഴുത്തു കയ്യിൽ പിടിച്ചുകൊണ്ടു നടക്കുന്നതും വചനത്തെ യഥാർത്ഥമായി വ്യാഖ്യാനിക്കുന്നതും വചനവിരുദ്ധ ഉപദേശങ്ങൾക്കെതിരെ ശക്തമായ നിലപാടുകൾ എടുക്കുന്നതും നിമിത്തം വേദപുസ്തകത്തിന്റെ ആളുകൾ എന്ന പേര് വേർപാടുകാർക്ക് തികച്ചും അനുയോജ്യമായ ഒന്നാണ്.

ബൈബിൾ മാത്രം എന്ന നിലപാടു ബ്രദറുകാർ സ്വീകരിച്ചതിനു ബൈബിൾ തന്നെ അടിസ്ഥാനം :

> "അവൻ യാക്കോബിന്നു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല; അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല." (സങ്കീ. 147:19, 20)

> "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളത് ആകുന്നു." (2 തിമൊ. 3:16, 17)

> "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല; ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ" (2 പത്രോ. 1:21).

> "ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല; സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ" (1 തെസ. 2:13).

കർത്താവായ യേശുക്രിസ്തുവും അപ്പോസ്തോലന്മാരും തിരുവെഴുത്തിനെ ആധാരമാക്കിയാണ് തങ്ങളുടെ ഉപദേശങ്ങൾ സ്ഥാപിച്ചതും ശുശ്രൂഷകൾ ചെയ്തതും. മാനുഷിക ആശയങ്ങളെയോ പാരമ്പര്യത്തെയോ അവർ പിൻപറ്റിയില്ല. തിരുവെഴുത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു എന്നത് അവരുടെ ശുശ്രൂഷകളിൽ നാം ആവർത്തിച്ചു കാണുന്നു. നിരവധിയായ പ്രസംഗങ്ങൾ കേട്ട ബരോവയിലെ വിശ്വാസികൾ അവയെ തിരുവെഴുത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചു (അ.പ്ര. 17:1, 11) എന്ന കാരണത്താൽ ദൈവാത്മാവ് അവരെ പ്രശംസിക്കുന്നതായി നാം കാണുന്നു. യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു (യെശ. 34:16) വായിക്കണം എന്നതു മാറ്റമില്ലാത്ത ദൈവിക കൽപനയാണ്.

ബൈബിളിനു വെളിയിൽ പരിശുദ്ധാത്മ നിശ്വസിത ദൈവവചനവും വെളിപ്പാടും ഉണ്ടെന്നു പറയുന്നതു സഭയുടെ വിശുദ്ധിയെ കളങ്കപ്പെ

ടുത്തുമെന്നും ജാതീയവൽക്കരിക്കപ്പെടുമെന്നും ബ്രദറൺ പിതാക്കന്മാർ തിരിച്ചറിഞ്ഞു. ആ ബോദ്ധ്യം ശരിയായിരുന്നു എന്നു കാലം തെളിയിക്കുകയും ചെയ്തു. കത്തോലിക്കരിൽ നിന്നും ആരംഭിച്ച് ബ്രദറൺ, ബാപ്റ്റിസ്റ്റ്, പെന്തക്കോസ്തു തുടങ്ങിയ പ്രൊട്ടസ്റ്റന്റ് സഭകളെയെല്ലാം ഒരുപോലെ വഴിതെറ്റിക്കുമായിരുന്ന പ്രജാപതി- ക്രിസ്തു ദുരുപദേശത്തിന്നു വാതിലടച്ചതു വേർപാടുകാരാണെന്നതിൽ നമുക്ക് അഭിമാനിക്കാം. ഇതര ജാതീയ മതഗ്രന്ഥങ്ങളും ദൈവിക അരുളപ്പാടുകൾ ആണെന്ന പഠിപ്പിക്കൽ ശക്തി പ്രാപിച്ചിരുന്നു എങ്കിൽ ഇന്നു പ്രൊട്ടസ്റ്റന്റു സഭകളിൽ ജാതീയ ദേവന്മാരും ആരാധനാ മൂർത്തികളായി കടന്നുകൂടുമായിരുന്നു. ഈ അപകടം തിരിച്ചറിഞ്ഞ് വേർപാടു വിശ്വാസ സംരക്ഷകർ പ്രതിരോധം തീർത്തതുകൊണ്ട് പ്രൊട്ടസ്റ്റന്റ് സഭകൾക്കെല്ലാം അതു നന്മയായി. പുതിയ നിയമ മാതൃക പ്രകാരമുള്ള ഉപദേശം മുറുകെ പിടിക്കുന്ന വേർപാടു വിശ്വാസികൾ പരിശുദ്ധാത്മ നിശ്വസിത ദൈവവചനം ബൈബിൾ മാത്രമാണെന്നതിൽ ഉറച്ചു നിൽക്കുന്നു. യാതൊരുവിധ വിട്ടുവീഴ്ചയ്ക്കോ അനുരഞ്ജനത്തിനോ അവർ തയ്യാറല്ല. തയ്യാറാകരുത്.

കത്തോലിക്കരിൽ നിന്നും ആരംഭിച്ച് ബ്രദറൺ, ബാപ്റ്റിസ്റ്റ്, പെന്തക്കോസ്തു തുടങ്ങിയ പ്രൊട്ടസ്റ്റന്റ് സഭകളെയെല്ലാം ഒരുപോലെ വഴിതെറ്റിക്കുമായിരുന്ന പ്രജാപതി- ക്രിസ്തു ദുരുപദേശത്തിന്നു വാതിലടച്ചതു വേർപാടുകാരാണെന്നതിൽ നമുക്ക് അഭിമാനിക്കാം.
ഇതര ജാതീയ മതഗ്രന്ഥങ്ങളും ദൈവിക അരുളപ്പാടുകൾ ആണെന്ന പഠിപ്പിക്കൽ ശക്തി പ്രാപിച്ചിരുന്നു എങ്കിൽ ഇന്നു പ്രൊട്ടസ്റ്റന്റു സഭകളിൽ ജാതീയ ദേവന്മാരും ആരാധനാ മൂർത്തികളായി കടന്നുകൂടുമായിരുന്നു

ബൈബിളിനു വെളിയിൽ ദൈവിക അരുളപ്പാടുകൾ ഉണ്ടെന്നു പറയുന്നതു ദുരുപദേശമാണ്. വേദപുസ്തകത്തിന്റെ ആളുകൾ എന്നറിയപ്പെടുന്നവരും വേദപുസ്തകം മാത്രം എന്ന ഉപദേശത്തിനുവേണ്ടി നിൽക്കുന്നവരുമായ നാം ഇത്തരം വേദവിപരീത ഉപദേശങ്ങളോടു ഒരു കാരണവശാലും അനുഭാവം കാട്ടരുത്. തിരുവചനത്തിന്റെ കാവൽക്കാരാണ് വേർപാടുകാരായ നാം. അതാണ് നമ്മുടെ സവിശേഷത.

നമ്മുടെ പിതാക്കന്മാർ നിലകൊണ്ടതും പോരാടി നിന്നതുമായ ബൈബിൾ മാത്രം എന്ന ഉപദേശത്തിനായി നമുക്കും നിലകൊള്ളാം. ക്രിസ്തീയ ഉപദേശത്തിനും ജീവിതത്തിനും ആധാരം ബൈബിൾ മാത്രം. മറ്റൊരു മതഗ്രന്ഥത്തിലും പരിശുദ്ധാത്മ നിശ്വസിത ദൈവവചനമോ അരുളപ്പാടോ ഇല്ല. കാരണം ദൈവം അങ്ങനെ ചെയ്തിട്ടില്ല (സങ്കീ. 147:19, 20; റോമ. 3:2). ഈ തിരുവചനത്തിന്റെ അംഗീകാരവും പ്രഖ്യാപനവുമാണ് സോളാ സ്ക്രിപ്ചുറ.

തിരുവചനത്തോടുള്ള താങ്കളുടെ സമീപനം ഏതുവിധം? എവിടെയെങ്കിലും വ്യതിചലിക്കപ്പെട്ടു പോയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഒരു മടങ്ങി വരവ് ആവശ്യമാണ്. അതെ! നമുക്കു തിരുവെഴുത്തിലേക്കു മടങ്ങി വരാം. ഉപദേശത്തെയും ജീവിതത്തെയും പുനർക്രമീകരിക്കാം. വീണിടത്തു കിടക്കുന്നതല്ല; കുറവ് കണ്ടെത്തി എഴുന്നേൽക്കുന്നതാണ് ഉണർവ്വ്. നമുക്കുണരാം. നമ്മുടെ പിതാക്കന്മാർ നിലനിന്നതും പോരാടിയതുമായ ബൈബിൾ മാത്രം എന്ന ഉപദേശത്തെ, മുദ്രാവാക്യത്തെ നമുക്കും ശിരസാവഹിക്കാം.

**2. സോളാ ഫിഡേ – വിശ്വാസം മാത്രം :** സർവ്വ ലോകവും പാപത്തിന്നു കീഴിലാണ്. പാപത്തിൽ നിന്നും മോചനം പ്രാപിക്കുന്നതിനുള്ള വാഞ്ഛ എല്ലാവരിലും ഉണ്ട്. പാപമോചനത്തോടൊപ്പം തന്നെ നീതീകരണവും പ്രാപിക്കുവാനായി ശ്രമിക്കുന്നവരുമുണ്ട്. പാപത്തിന്റെ ശിക്ഷ ഏൽക്കുന്നവൻ പാപിയാണ് എന്നത് പൊതുജനത്തിനറിയാവുന്ന വസ്തുതയാണ്. അതുപോലെ തന്നെ പാപമോചനം പ്രാപിച്ച വ്യക്തിയുടെയും പൂർവ്വാവസ്ഥ പാപിയാണെന്നതു വ്യക്തമായി മനസ്സിലാക്കാവുന്ന കാര്യമാണ്. അവർ തന്നെത്താൻ നീതിമാന്മാരോ വിശുദ്ധരോ ആയിത്തീരുന്നില്ല.



പാപമോചനത്തിനായുള്ള കൂദാശ

ചുരുക്കം ചില ആളുകൾ മാത്രമേ തന്റെ പൂർവ്വാവസ്ഥ പാപത്തിലാണെന്ന വസ്തുത അംഗീകരിക്കാൻ തയ്യാറാകുന്നുള്ളൂ. തങ്ങളെത്തന്നെ നീതിമാന്മാരായി അവതരിപ്പിക്കാനാണ് മനുഷ്യർ പൊതുവെ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി എന്തു ചെയ്യുവാനും അവർ ഒരുക്കമാണ്. നീതിമാന്മാരും വിശുദ്ധന്മാരുമായിത്തീരാനുള്ള മനുഷ്യനിലെ ആഴമായ വ്യഗ്രതയെ ചൂഷണം ചെയ്യുന്നതിൽ മതങ്ങൾ സജീവങ്ങളാണ്. പാപങ്ങളുടെ മോചനത്തിനും നീതീകരണത്തിനുമായി നേർച്ച കാഴ്ചകൾ അർപ്പിക്കാനും മതപുരോഹിതന്മാരുടെ ആജ്ഞാനുവർത്തികളായി ജീവിക്കാനും മതങ്ങൾ മനുഷ്യനെ നിർബന്ധിക്കുന്നു. പാപമോചനം പ്രാപിക്കാനുള്ള ഹൃദയത്തിന്റെ തീവ്രമായ ആഗ്രഹം നിമിത്തം എല്ലാ മതങ്ങളിലും മനുഷ്യൻ മതമേലദ്ധ്യക്ഷന്മാരുടെ വിധേയത്വം സ്വീകരിച്ച് അടിമകളായി ജീവിക്കുന്നു. മിക്ക ക്രിസ്തീയ സഭാ വിഭാഗങ്ങളിലെയും സ്ഥിതി മറ്റൊന്നല്ല.

കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് ജാതീയവൽക്കരിക്കപ്പെട്ട ക്രിസ്തീയ സഭയിലും പാപമോചനത്തിനായുള്ള കർമ്മങ്ങളും കൂദാശകളും ആചാരാനുഷ്ഠാനങ്ങളും സ്ഥാനം പിടിച്ചു. പുരോഹിതന്മാരുടെ കല്പന പ്രകാരവും ആശ്രയത്താലും മാത്രമേ രക്ഷ സാധ്യമാകു എന്ന അവസ്ഥയിലേക്കു കാര്യങ്ങൾ മാറി. തിരുവെഴുത്തിനു നേരെ വിപരീതമായ ഒരു പഠിപ്പിക്കലാണിത്.

തിരുവചനപ്രകാരം രക്ഷയും നീതീകരണവും ദൈവത്തിന്റെ ദാനമാണ്. നീതികരണപ്രാപ്തിക്കായി മനുഷ്യന്നു ദൈവ മുമ്പാകെ യാതൊന്നും ചെയ്യാനില്ല. സാധ്യവുമല്ല. ദൈവം ദാനമായി നൽകുന്ന നീതീകരണം വിശ്വാസത്താൽ പ്രാപിക്കുവാൻ മാത്രമേ നമുക്കു സാധിക്കൂ. ഈ വിശ്വാസം എന്നതു പോലും ദൈവത്തിനർപ്പിക്കുന്ന കാര്യമല്ല. വിശ്വാസം ദൈവിക ദാനമാണ്. അതുകൊണ്ട് ദൈവവചന പ്രകാരമുള്ള നീതീകരണം വിശ്വാസത്താലുള്ള നീതികരണമാണ്. തിരുവെഴുത്തിൽ നാം ഇങ്ങനെ വായിക്കുന്നു :

> “ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്. (റോമ. 3:20).

“വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്” (റോമ. 5:1).

ബ്രദറൺ സഭകൾ ആരംഭനാൾ മുതൽ തന്നെ ഈ വേദപുസ്തക ഉപദേശത്തിന്നു ഊന്നൽ നൽകിയിരുന്നു. ഒരു വ്യക്തിയുടെ പാപക്ഷമയ്ക്ക് പ്രവൃത്തി ആവശ്യമില്ലെന്നും ദൈവം അതംഗീകരിക്കുകയില്ലെന്നുമുള്ള തിരുവചന പ്രമാണത്തെ അവർ യഥാവിധി പഠിപ്പിച്ചിരുന്നു. ദൈവം മനുഷ്യനെ സൗജന്യമായാണ് നീതീകരിക്കുന്നത്. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിൽ ഒരുവൻ വിശ്വസിച്ച് ആശ്രയമർപ്പിക്കുന്ന നിമിഷത്തിൽ തന്നെ ദൈവം അവനെ നീതീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു എന്നതാണ് വേദോപദേശം. വേർപാടിതര സുവിശേഷ വിഹിത സഭകളിൽ ആന്തരികാനുഭവം, പാപരഹിത ജീവിതം, ആത്മാവിൽ നിറഞ്ഞു തുള്ളുക തുടങ്ങി രക്ഷാനന്തര കർമ്മങ്ങൾ നീതീകരണത്തിന് ആവശ്യമെന്നു പഠിപ്പിക്കുന്നു. ഈ ആത്മീകാനുഭവങ്ങൾ പ്രാപിക്കുന്നതിനുവേണ്ടി സഭകൾ വിശ്വാസികളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നു. എന്നാൽ നീതീകരണം വിശ്വാസത്താൽ മാത്രം എന്ന തിരുവചന ഉപദേശം അടിസ്ഥാനമാക്കിയാണ് ബ്രദറൺ സഭകൾ നിലകൊള്ളുന്നത്. മറ്റുള്ളവർ വചനത്തെ സംശയിക്കുന്നു. വേർപാടുകാരായ നാം വചനം അങ്ങനെ തന്നെ എന്നു വിശ്വസിക്കുന്നു.

**3. സോളാ ഗ്രാഷ്യാ – കൃപമാത്രം:** നീതിമാന്മാരായിത്തീരണം എന്നതുപോലെ തന്നെ രക്ഷ പ്രാപിക്കാനുള്ള വാഞ്ചയും മനുഷ്യഹൃദയത്തെ ഭരിക്കുന്നു. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും രക്ഷപ്രാപിച്ചാൽ മാത്രമേ സ്വർഗ്ഗീയ ജീവിതം സാധ്യമാകുകയുള്ളു എന്നും ബോദ്ധ്യമുള്ള മനുഷ്യൻ രക്ഷപ്രാപിക്കുവാനായി എന്തു ചെയ്യാനും മടിക്കുന്നില്ല.

പുണ്യസ്ഥലങ്ങളുടെ ഭൂമിയായ ഭാരതത്തിൽ ജനങ്ങൾ ഓരോരോ പുണ്യസ്ഥലങ്ങൾ സന്ദർശിക്കയും, കോച്ചിപ്പിടിക്കുന്ന തണുപ്പിൽ പൂർണ്ണ നഗ്നരായി നടക്കയും, ആണി



കളുടെയും കുപ്പിച്ചില്ലുകളുടെയും മുള്ളുകളുടെയും മുകളിൽ കിടക്കുകയും, ഒരിക്കലും ഇരിക്കാതെ നിൽക്കുകയും, ഒരു കൈ ഉയർത്തിപ്പിടിച്ചു നിശ്ചലമായി നിൽക്കയും പുറത്തേക്കു നാക്കു വലിച്ചു ചാടിച്ചു നിൽക്കുന്നതുമായ വിവിധ തരം ആളുകളെ നമുക്കു കാണാം. മോക്ഷപ്രാപ്തിക്കായി സുഖസൗകര്യങ്ങളെ പരിത്യജിച്ചു തന്നെ ത്താൻ പീഡിപ്പിക്കുന്നതിൽ മടിയില്ലാത്തവരാണിവർ.

എല്ലാ മതങ്ങളും മനുഷ്യനിലെ മോക്ഷവാഞ്ചയെ ചൂഷണം ചെയ്യുന്നു. നേർച്ചകാഴ്ചകൾ അർപ്പിക്കാനും നോമ്പുനോക്കുവാനും

പുരോഹിത വർഗ്ഗത്തിന്റെ അധാർമ്മിക ചെയ്തികൾക്ക് അടിമപ്പെട്ടു ജീവിക്കാനും മനുഷ്യൻ നിർബന്ധിതനാകുന്നു. ഭൂരിഭാഗം ക്രിസ്തീയ സഭാവിഭാഗങ്ങളിലും ഇതാണ് നടക്കുന്നത്. പ്രൊട്ടസ്റ്റന്റു നവീകരണത്തിനു മുമ്പ് സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശന പാസ് നൽകുന്ന സമ്പ്രദായം പോലുമുണ്ടായിരുന്നു. ഈവിധ വേദവിപരീത പ്രവൃത്തികൾ ഇക്കാലത്തും ജനങ്ങളെ ചൂഷണം ചെയ്യുന്നതിനായി സഭാദ്ധ്യക്ഷന്മാർ ചെയ്തു വരുന്നു.

യാതൊരുവിധ നന്മ പ്രവൃത്തികളാലും മനുഷ്യനു രക്ഷ പ്രാപിക്കാൻ സാധിക്കില്ലെന്നു വചനം വ്യക്തമാക്കുന്നു. യുഗായുഗങ്ങളായി മനുഷ്യൻ കോടിക്കണക്കിനു രൂപമുടക്കിയിട്ടും ഒരിഞ്ചുപോലും മോക്ഷപ്രാപ്തിയിങ്കലേക്കു ചലിക്കപ്പെടാത്തത്ര ഉന്നതമായ ഒന്നാണ് ദൈവം ഒരുക്കിയ രക്ഷ. ദൈവം തന്നെത്താൻ അതിനു പ്രതിപകരമായി വില കൊടുക്കത്തക്കവണ്ണം അതു വിലയേറിയതായിരുന്നു. യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ ഒരിക്കലായി ആ വില നൽകപ്പെട്ടുവെന്നു മാത്രമല്ല ഇന്നു സകല മനുഷ്യർക്കും സൗജന്യമായി രക്ഷ ഒരുക്കപ്പെട്ടിരിക്കുന്നു. അതു സ്വീകരിക്കുവാൻ മനസ്സുള്ള ആർക്കും അതു സൗജന്യമായി ലഭിക്കും. ആകയാൽ രക്ഷ എന്നതു ദൈവകൃപയാൽ ദാനമായി ലഭിക്കുന്നതാണ്. മനുഷ്യന്റെ യാതൊരുവിധ പ്രവൃത്തിയും അതിനാവശ്യമില്ല. ഇതാണ് രക്ഷ കൃപയാൽ മാത്രം എന്ന ഉപദേശം. നാം ഇപ്രകാരം വായിക്കുന്നു :

> ''കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു" (എഫെ. 2:8).

> "അവൻ നമ്മെ രക്ഷിക്കയും വിശുദ്ധ വിളി കൊണ്ടു വിളിക്കയും ചെയ്തതു നമ്മുടെ പ്രവർത്തികൾ നിമിത്തമല്ല, സകല കാലത്തിനും മുമ്പെ ക്രിസ്തുയേശുവിൽ നമുക്കു നൽകിയിരിക്കുന്നതും...... തന്റെ സ്വന്ത നിർണ്ണയത്തിന്നും കൃപയ്ക്കും ഒത്തവണ്ണമത്രേ" (2 തിമോ. 1:9, 10)

> "രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നു അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു" (വെളി. 7:10).

വേർപാടു സഭകൾ ഈ ഉപദേശത്തെ മുറുകെ പിടിക്കയും വിട്ടുവീഴ്ചയില്ലാതെ പഠിപ്പിക്കുകയും ചെയ്യുന്നു. രക്ഷയ്ക്കായി പ്രവൃത്തി വേണമെന്നുള്ള എല്ലാവിധ പഠിപ്പിക്കലുകളെയും എതിർക്കുന്നു. പ്രൊട്ടസ്റ്റന്റു സഭകളിൽ തന്നെ പലതും ആത്മസ്നാനം, അന്യഭാഷ, ആത്മമാരി തുടങ്ങി പല കാര്യങ്ങളും രക്ഷയുടെ പൂർത്തീകരണത്തിനാവശ്യമെന്നു പഠിപ്പിക്കുന്നുണ്ട്. രക്ഷയുടെയും ആത്മപ്രാപണത്തിന്റെയും ഏകവും പ്രത്യക്ഷവുമായ അടയാളമായി അന്യഭാഷയെ കാണുന്ന സഭാ വിഭാഗങ്ങൾ രക്ഷാപ്രാപ്തിക്കുവേണ്ടി അന്യഭാഷ സംസാരിക്കാൻ വിശ്വാസികളിൽ കഠിന സമ്മർദ്ദം ചെലുത്തുന്നു. അങ്ങനെ ദൈവകൃപയോടു അവർ മാനു



ഷിക പ്രവൃത്തികളും രക്ഷയ്ക്കായി കൂട്ടു ചേർക്കുന്നു. ഈ നിലയിൽ കൃപയാലുള്ള രക്ഷ എന്ന തിരുവചന ഉപദേശത്തോടു കൂട്ടു ചേർക്കുന്ന എന്തിനെയും ബ്രദറുകാരായ നാം ചെറുത്തു നിൽക്കുന്നു. കാരണം അത്തരം പഠിപ്പിക്കലുകൾ തിരുവചന ഉപദേശത്തിന്റെ നിർമ്മലതയ്ക്കുമേലുള്ള കടന്നു കയറ്റമാണ്. വേദപുസ്തകത്തിന്റെ ആളുകളായ വേർപാടുകാർ എക്കാലത്തും അത്തരം പ്രവണതകളോട് എതിർത്തു നിൽക്കുന്നു.

**4. ക്രിസ്തു മാത്രം (സോളസ് ക്രിസ്റ്റസ്) :** രക്ഷയ്ക്കുള്ള ആഗ്രഹം ഭൂരിഭാഗം ആളുകളിലുമുണ്ട്. മരണാനന്തര ജീവിതത്തെക്കുറിച്ചൊരു ഉറപ്പ് അവർ ആഗ്രഹിക്കുന്നു. രക്ഷ മനുഷ്യന്റെ കഴിവിനതീതമായ ഒന്നാണെന്നു തിരിച്ചറിയുന്ന അവർ മദ്ധ്യസ്ഥന്മാരുടെ സഹായം തേടുന്നു.

എന്നാൽ ദൈവത്തിന്റെ സന്നിധിയിലേക്കും രക്ഷാമാർഗ്ഗത്തിലേക്കും നോക്കുന്നതിനുപകരം മനുഷ്യർ തങ്ങളുടെ ദൃഷ്ടിയിൽ യോഗ്യരായ മനുഷ്യരിൽ തന്നെ രക്ഷയ്ക്കായി ആശ്രയിക്കുന്നു. വകതിരിവില്ലാത്തതും അതിനുള്ള പ്രാപ്തി നഷ്ടപ്പെട്ടവരുമായ ആളുകളെ പരമാവധി ചൂഷണം ചെയ്യാൻ തന്ത്രശാലികളായ മതമേലാളന്മാർക്കു സാധിക്കുന്നു. ദൈവത്തിനു മാത്രം നൽകാൻ സാധിക്കുന്ന വിഷയത്തെ മനുഷ്യകേന്ദ്രീകൃതമായി അവതരിപ്പിച്ച് അവർ ജനത്തെ വഞ്ചിക്കുന്നു. ക്രിസ്ത്യാനികളെന്നു പേരെടുത്തവർ പോലും ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നു. മരിച്ചുപോയവരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുകയും അവരുടെ രൂപങ്ങൾ വെച്ചു പ്രാർത്ഥനയ്ക്കായി പ്രേരിപ്പിക്കുകയും ചെയ്യുന്നു. പുണ്യാളന്മാരോടും മാതാവിനോടും (മറിയ) മധ്യസ്ഥം അപേക്ഷിക്കുന്നതു നാമധേയ ക്രിസ്തീയ സമൂഹങ്ങളിൽ സാധാരണമാണ്. വചന വിരുദ്ധമായ ഈ പ്രവൃത്തിയിലേക്ക് മനുഷ്യരെ വലിച്ചിഴയ്ക്കുന്നതുമൂലം പണക്കൊയ്ത്തുണ്ടാകുന്നു എന്നു മാത്രമല്ല, മനുഷ്യദൈവങ്ങളും ക്രിസ്തീയ നാമത്തിൽ അവതരിക്കപ്പെടുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രമാണ് രക്ഷ എന്നു തിരുവെഴുത്തു അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായി നിൽക്കുന്നതും നിൽക്കാൻ യോഗ്യനും ക്രിസ്തുമാത്രം. മറ്റൊരു വ്യക്തിയെയും മധ്യസ്ഥനായി ദൈവവചനം വെളിപ്പെടുത്തുന്നില്ല :

> “ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ” (1 തിമോ. 2:5).

> “മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല” (അ.പ്ര. 4:12).

> “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” (അ.പ്ര. 16:31).

ദൈവവചനത്തെ പൂർണ്ണമായും അതായിരിക്കുന്നതുപോലെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിൽ ശ്രദ്ധാലുക്കളാണ് വേർപാടുകാർ എന്ന ബ്രദറുകാർ. രക്ഷയോടുള്ള ബന്ധത്തിൽ വചനം പറയുന്ന പ്രകാരം മധ്യസ്ഥനായി ക്രിസ്തുവിനെ മാത്രം അവർ അംഗീകരിക്കുന്നു. മറിയയോ, വിശുദ്ധന്മാരോ, ദൂതന്മാരോ, മരിച്ചവരോ, ജീവിച്ചിരിക്കുന്നവരോ, പുരോഹിതരോ, പാസ്റ്റർമാരോ, പോപ്പോ ആരെയും അവർ ദൈവത്തിന്റെ പ്രതിപുരുഷന്മാരായി കാണുകയോ മധ്യസ്ഥം അപേക്ഷിക്കയോ ചെയ്യുന്നില്ല.

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മധ്യസ്ഥൻ ക്രിസ്തു മാത്രം. രക്ഷ ക്രിസ്തുവിൽ മാത്രം. ഈ തിരുവചന ഉപദേശത്തിനെതിരായി പഠിപ്പിക്കുന്നവരുമായി വേർപാടുകാർ സഹവാസം നടത്തുന്നില്ല. അതു പാടില്ല.

## വേർപാടുകാർ ഊന്നൽ നൽകുന്ന കാര്യങ്ങൾ

പ്രൊട്ടസ്റ്റന്റു നവീകരണത്തിന്റെ ആരംഭത്തോടെ പല സഭകളും തങ്ങളുടെ ഉപദേശസംഹിതകൾ ശരിയായിരിക്കണം എന്ന ബോദ്ധ്യത്തിലേക്കു വന്നു. വേദപുസ്തകത്തോടു കൂടുതൽ നീതിപുലർത്തുന്നതായ വിശ്വാസ പ്രമാണങ്ങൾ അവരിൽ പലരും പ്രസിദ്ധീകരിക്കുകയുണ്ടായി. വിശ്വാസ പ്രമാണങ്ങൾ വേണ്ടത്ര ഫലപ്രാപ്തിയിൽ എത്തണമെങ്കിൽ ശരിയായ ഊന്നലുകളും ആവശ്യമാണ്. രോഗത്തിന്റെ ശരിയായ ശമനത്തിനു കുറിപ്പടമാത്രം പോരാ മരുന്നും യഥാസമയം കഴിക്കണം എന്നതുപോലെ, ശരിയായ ഉപദേശം പ്രസിദ്ധീകരിച്ചാൽ മാത്രം പോരാ അതു സഭകളിൽ പഠിപ്പിക്കാനും പ്രാബല്യത്തിൽ കൊണ്ടുവരുവാനും ഊന്നൽ നൽകണം. എന്നാൽ ദുഃഖകരമെന്നു പറയട്ടെ, പ്രൊട്ടസ്റ്റന്റ് സഭകളിൽ പലതിലും ശരിയായ വേദപുസ്തക ഉപദേശത്തോടൊപ്പം മനുഷ്യനിർമ്മിത ആചാരങ്ങളും ചിന്താഗതികളും കൂട്ടുചേർക്കപ്പെട്ടു. പുതിയ നിയമ സഭയുടെ നിസ്തുല്യ സവിശേഷതയ്ക്കു തന്മൂലം കോട്ടമുണ്ടായി. തങ്ങൾ പുറപ്പെട്ടുപോന്ന റോമൻ കത്തോലിക്കാ സഭയെ പ്രതിനിധീകരിക്കുന്ന സഭകളായി പല പ്രൊട്ടസ്റ്റന്റു സഭകളും മാറ്റപ്പെട്ടു.

എന്നാൽ വേർപാടു പ്രസ്ഥാനം പ്രാരംഭകാലം മുതൽ തന്നെ ശരിയായ ഉപദേശം അവതരിപ്പിക്കുക മാത്രമല്ല അവ പരിപാലിക്കുന്നതിൽ ഊന്നൽ നൽകുകയും ചെയ്തുവരുന്നു. കാലാകാലങ്ങളിൽ ബ്രദറുകാരുടെ ഇടയിൽ വ്യതിചലിക്കപ്പെട്ട ഉപദേശങ്ങളുമായി ആളുകൾ തലപൊക്കിയിട്ടുണ്ടെങ്കിലും അവയെ മുളയിലെ തന്നെ നുള്ളിക്കളയുവാൻ വേർപാട് ഉപദേഷ്ടാക്കന്മാർക്കു സാധിക്കുന്നു എന്നതു പ്രശംസനീയമായ കാര്യമാണ്.

വേർപാടു സഭകൾ ഊന്നൽ നൽകുന്ന വിഷയങ്ങളിൽ സുപ്രധാനമായവ ചുവടെ ചേർക്കുന്നു.

1. വേർപാട്
2. വിശ്വാസികളുടെ പൗരോഹിത്യം
3. സ്ഥലം സഭയുടെ സ്വാതന്ത്ര്യവും സ്വയം ഭരണ ക്രമവും
4. സുവിശേഷീകരണത്തിന്റെ ആവശ്യകത
5. സഭാ രൂപീകരണത്തിന്റെ ആവശ്യകത

**1. വേർപാട് :** ദൈവജനം ഈ ഭൂമിയിൽ ജീവിക്കുന്നവരാണെങ്കിലും ചില കാര്യങ്ങളിൽ വേർപാടു പാലിക്കേണ്ടിയിരിക്കുന്നുവെന്നു വചനം വ്യക്തമാക്കുന്നുണ്ട്. നാം രണ്ടു പൗരത്വമുള്ളവരാണ്. ആകയാൽ എന്തു ചെയ്യണമെന്നും എന്തു ചെയ്യരുത് എന്നതും സംബന്ധിച്ച് വ്യക്തമായ ബോദ്ധ്യം ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. വേർപെട്ട ജീവിതത്തിനുള്ള പ്രമാണത്തെ കർത്താവ് ഇപ്രകാരം വിശദീകരിക്കുന്നു; “നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകെക്കുന്നു” (യോഹ. 15:19). “ഞാൻ അവർക്കു നിന്റെ വചനം കൊടുത്തിരിക്കുന്നു; ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല” (യോഹ. 17:16).

ദൈവജനം രക്ഷിക്കപ്പെട്ട ശേഷം ഈ ഭൂമിയിൽ തന്നെയാണ് ജീവിക്കുന്നത്. രക്ഷിക്കപ്പെടുന്നതോടെ അവർക്കു രണ്ടു പൗരത്വം ലഭിക്കുന്നു - ഭൂമിയിലും സ്വർഗ്ഗത്തിലും. പരസ്പര വിരുദ്ധമായ പ്രമാണങ്ങളുള്ള രണ്ടു പൗരത്വങ്ങൾ. തന്മൂലം ക്രിസ്തീയ ജീവിതത്തിലും ക്രിസ്തീയ സമൂഹത്തിലും ഈ പൗരത്വങ്ങളുടെ പ്രമാണങ്ങളിലും ജീവിതചര്യയിലും അനുരഞ്ജനത്തിനായുള്ള ഒരു ശ്രമം ദർശിക്കാവുന്നതാണ്. ഈ അനുരഞ്ജന പ്രകൃതം ആത്മീക പോരാട്ടവീര്യം കുറയ്ക്കുകയും ലോകം ജയിക്കുകയും ചെയ്യും. ഈ നിലയിൽ അനുരഞ്ജനം തിരഞ്ഞെടുക്കുന്ന വിശ്വാസി ആത്മീക പക്വതയോ വിശുദ്ധീകരണമോ നേടുവാൻ കഴിവില്ലാത്തവനായിത്തീരും. ഇതു സഭയ്ക്കു നഷ്ടവും ലോകത്തിന്നു ലാഭവുമാകുന്നു. തെറ്റിനോട് അനുരഞ്ജനപ്പെടുന്നതും വിജാതീയരുമായി ഇടകലരുന്നതും വചനം വിലക്കുന്നു :

> ‘‘അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കൈയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നത്'' (യോഹ. 17:15).

> “ദുർന്നടപ്പുകാരോട് സംസർഗ്ഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതീട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചു പറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ. അങ്ങനെ എങ്കിൽ നിങ്ങൾ ഈ ലോകം വിട്ടുപോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്. അങ്ങനെയുള്ളവനോട് കൂടെ ഭക്ഷണം കഴിക്കപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്. പുറത്തുള്ളവരെ വിധിപ്പാൻ എനിക്ക് എന്തു കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്; പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളവിൻ” (1 കൊരി. 5:9-13).

> ‘‘ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവന്നു കുശലം പറകയും അരുത്'' (2 യോഹ. 10).

> “തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ. അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല. അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുനാൾ വാവ് ശബത്തു എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരാനിരുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിന്നുള്ളത്. താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കയും തന്റെ ജഡമനസിനാൽ വെറുതെ ചീർക്കയും തലയെ മുറുകെ പിടിക്കാതിരിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുതു തെറ്റിക്കരുത്. ....നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷ കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത്

എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നത് എന്ത്? ഇതെല്ലാം ഉപയോഗത്താൽ നശിച്ചു പോകുന്നതത്രേ. ഇതു ഒക്കെയും സ്വേച്ഛാരാധനയിലും താഴ്മയിലും ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്ക് ജ്ഞാനത്തിന്റെ പേരു മാത്രമുള്ളത്; ജഡാഭിലാഷം അടക്കുവാനോ പ്രയോജനമുള്ളതല്ല" (കൊലോ. 2:8; 16-23)

"വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടത് : എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ'' (വെളി. 18:4).

തുടരുന്നവരോടും വേർപാടുപദേശത്തിന് നിരക്കാത്ത ഉപദേശങ്ങളുള്ള സഭകളുമായി കൂട്ടുപിടിക്കുന്നവരോടുമുള്ള ബന്ധത്തിൽ സഹിഷ്ണുത കാട്ടുന്നവരല്ല. എക്യുമെനിസ (സർവ്വ സഭാ ഐക്യം) പ്രസ്ഥാനങ്ങളിൽ പങ്കാളിയാകയോ അതിനനുകൂല നിലപാട് സ്വീകരിക്കയോ ചെയ്യില്ല. സഭയിലും സഭയ്ക്കു വെളിയിലും ഉയർന്നുവരുന്ന ദുരുപദേശങ്ങളെ ആദ്യം തിരിച്ചറിയുന്നതിലും ചെറുക്കുന്നതിലും വേർപാടുകാർ അഗ്രഗണ്യരാണ്. ഇതിന്റെയെല്ലാം ആത്യന്തിക ലക്ഷ്യം എന്നതു പാപത്തിനും ദുരുപദേശകർക്കും ദുരുപദേശത്തിന്നും എക്യുമെനിസത്തിനും ദൈവജനത്തിനിടയിൽ സ്വാധീനമില്ലെന്നതു ലോകത്തിന്നു വെളിപ്പെടുത്തുകയാണ്. ബ്രദറൺ സഭകളെപ്പോലെ കർശന നിലപാടു ഇത്തരം


എക്യുമെനിസം (സർവ്വ സഭാ ഐക്യം)

ഈ വാക്യങ്ങളിൽ നിന്നും ദൈവജനം വചനത്തിനു നിരക്കാത്ത ജീവിതം നയിക്കുന്ന ക്രിസ്തീയ സമൂഹങ്ങളിൽ നിന്നുതന്നെ വേർപെട്ടു ജീവിക്കണം എന്നു തെളിയുന്നു. തിന്മയിൽ നിന്നും പാപത്തിൽ നിന്നും വേറിട്ടു തന്റെ മക്കൾ ജീവിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. ദൈവജനത്തിനിടയിൽ തന്നെ ദുരുപദേശം പഠിപ്പിക്കുന്നവരോടും അകന്നു കൊള്ളണം എന്നു ദൈവാത്മാവ് ഉത്ബോധിപ്പിക്കുന്നു. ദുരുപദേശകൻ തന്റെ തെറ്റു തിരുത്താൻ തയ്യാറല്ലെങ്കിൽ അവനോടു സംസർഗ്ഗം അരുതെന്നാണ് കർത്താവ് കല്പിച്ചിരിക്കുന്നത്.

തന്മൂലം ബ്രദറുകാർ സഹാനുഭൂതിയുള്ളവരെങ്കിലും ദുരുപദേശകരോടും പാപത്തിൽ

വിഷയങ്ങളിലെടുക്കുന്ന ഇതര സഭകൾ ഉണ്ടോ എന്നു സംശയമാണ്.

ചുരുക്കത്തിൽ, പ്രായോഗിക ജീവിതത്തിലും ഉപദേശത്തിലും വചനത്തോടുള്ള സമർപ്പണത്തിലും ഇതര സഭാവിഭാഗങ്ങളോടുള്ള ബന്ധത്തിലും ദൈവാത്മാവ് തന്റെ വചനത്തിലൂടെ നൽകിയ വിവേചന ബുദ്ധിയിൻ

പ്രകാരം വേർപാടു പാലിക്കുന്ന ബ്രദറുകാർക്ക് എത്രയും അനുയോജ്യമായ പേരാണ് വേർപാടുകാർ എന്നത്. നമ്മുടെ പിതാക്കന്മാർ ജീവിതത്തിലും ഉപദേശത്തിലും നേടിയെടുത്ത ഈ സവിശേഷ നാമം നമുക്കും കാത്തുസൂക്ഷിക്കാം. വേർപാടിനെ ഹനിക്കത്തക്ക നിലയിൽ പ്രവർത്തിക്കുന്നവരോടു നമുക്ക് അകന്നു നിൽക്കാം. മടങ്ങിവരവിന്റെ ആദ്യപടി അതായിരിക്കട്ടെ.

**2. വിശ്വാസികളുടെ പൗരോഹിത്യം :** യഹൂദമതം ഉൾപ്പെടെ ഭൂമിയിലെ എല്ലാ മതവിഭാഗങ്ങളിലും മത ചടങ്ങുകൾ കൈകാര്യം ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന പുരോഹിത ഗണമുണ്ട്. പഴയ നിയമ കാലത്തു യഹൂദന്മാർക്കു പുരോഹിതന്മാരെ നിയമിച്ചതും അവർക്കുള്ള പെരുമാറ്റ ചട്ടങ്ങൾ കല്പിച്ചാക്കിയതും ദൈവം തന്നെ ആയിരുന്നു. എന്നാൽ ഏലി പുരോഹിതന്റെ കാലമായപ്പോഴേക്കും പുരോഹിതവർഗ്ഗം ജനങ്ങളെ ചൂഷണം ചെയ്യാൻ തുടങ്ങി. ദൈവിക പ്രമാണങ്ങളെ അവർ കാറ്റിൽ പറത്തി. നെഹമ്യാവിന്റെ കാലമായപ്പോഴേക്കും ദൈവജനത്തെയും ദൈവിക പ്രമാണങ്ങളെയും അവഹേളിക്കുന്ന ജാതികളുമായി ഇടകലരുന്ന അവസ്ഥവരെ യഹൂദ പുരോഹിത ഗണത്തിനുണ്ടായി.

പുതിയ നിയമ കാലത്തെക്കുറിച്ച് ദൈവത്തിന് പ്രത്യേക പദ്ധതിയാണുള്ളത്. യഹൂദാ ദേവാലയത്തിലെ വിശുദ്ധ സ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിലുള്ള വേർതിരിവ് തകർത്തുകൊണ്ടാണ് താൻ ഈ പുതിയ പദ്ധതി നടപ്പിലാക്കാനാരംഭിച്ചത്. രണ്ടാമതായി തന്നിൽ വിശ്വസിക്കുന്ന എല്ലാവരെയും പുരോഹിതരായി നിയമിച്ചു. തന്മൂലം പുരോഹിതർ എന്ന പ്രത്യേക കൂട്ടം ആളുകൾ ദൈവിക വിഷയം സംബന്ധിച്ച് ഇല്ലാതെയായി. പുരോഹിതവർഗ്ഗം, പുരോഹിത കുടുംബം, പൗരോഹിത്യ പെരുമാറ്റ ചട്ടങ്ങൾ തുടങ്ങിയവയ്ക്കും നീക്കം വരുകയും നമ്മെ എല്ലാവരെയും പുരോഹിതരാക്കി പുതിയൊരു പൗരോഹിത്യ പെരുമാറ്റ ചട്ടം നൽകുകയും ചെയ്തു. തിരുവെഴുത്തിൽ നാം ഇങ്ങനെ വായിക്കുന്നു :

> "നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാന്തക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു" (1 പത്രോ. 2:5).

> "നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു" (1 പത്രോ. 2:8).

> "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു" (വെളി. 1:6).

> "ഞങ്ങളുടെ ദൈവത്തിന്നു അവരെ രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു" (വെളി. 5:10).

അപ്രകാരം, പുതിയ നിയമത്തിൽ ക്രിസ്തു വിശ്വാസികൾ എല്ലാവരും പുരോഹിതരാണ്. ഒരു പ്രത്യേക പുരോഹിത ഗണത്തിന്റെ സഹായം ദൈവ വിഷയത്തിൽ അവർക്കാവശ്യമില്ല. പ്രത്യുത, വിശ്വാസികൾ എല്ലാവരും തങ്ങൾക്കു ലഭിച്ച പൗരോഹിത്യത്തിന്റെ

മാഹാത്മ്യം മനസ്സിലാക്കി പ്രവർത്തിക്കുവാൻ ബാധ്യസ്ഥരാകുന്നു.

ഈ പുതിയ നിയമ സത്യത്തെ പല പ്രൊട്ട സ്റ്റന്റു സഭകളും അധരങ്ങളാൽ അംഗീകരിക്കുന്നെങ്കിലും വ്യക്തികൾക്കു പ്രത്യേക പേരും പദവികളും നൽകി അധികാര ശ്രേണി സൃഷ്ടിക്കുന്നു. പാസ്റ്റർ, സെന്റർ പാസ്റ്റർ, റവറന്റ്, മോസ്റ്റ് റവറന്റ്, റൈറ്റ് റവറന്റ്, ആർച്ച് ബിഷപ്പ് തുടങ്ങിയ പേരുകൾ പ്രത്യേകമായി നൽകി പുതിയ നിയമ പൗരോഹിത്യത്തെ തള്ളിപ്പറയുന്നു. വിശ്വാസികളുടെ പൗരോഹിത്യം എന്ന പുതിയ നിയമ ഉപദേശത്തിനു വ്യക്തവും ശക്തവുമായ ഊന്നൽ നൽകുന്നത് വേർപാടു ബ്രദറൺ സഭകൾ മാത്രമാണ്. അതുകൊണ്ടാണ് നമ്മുടെ സഭകളിൽ പുരോഹിതരെന്നതോ തത്തുല്യമായതോ ആയ സ്ഥാനമാനങ്ങൾ ദർശിക്കാത്തത്. വിവാഹം, ശവസംസ്കാരം, സ്നാനം, ഭവന പ്രവേശം, കർത്തൃമേശ തുടങ്ങിയ വിഷയങ്ങൾക്കായി പ്രത്യേക ആളുകൾ ബ്രദറൺ സഭകളിൽ നിയമിതരാകുന്നില്ല. കാരണം തിരുവചന പഠിപ്പിക്കലുകൾക്കു വേർപാടു സഭകൾ നൽകുന്ന പ്രാധാന്യം തന്നെ. പ്രസംഗത്തിനോ ഉപദേശത്തിനോ പ്രത്യേക നിയമനം ആവശ്യമില്ല. പരിശുദ്ധാത്മ നടത്തിപ്പുള്ളവർക്കു ചെയ്യാനുള്ള സ്വാതന്ത്ര്യം സഹോദരന്മാർക്കു വേർപാടു സഭകളിലുണ്ട്. ഇതു വേർപാടു സഭകളുടെ മാത്രം സവിശേഷതയാണ്. ഓരോ വിശ്വാസിക്കും പൗരോഹിത്യ ശുശ്രൂഷയുണ്ടെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്ന ഏക സമൂഹം വേർപാടു സഭകളാണ്.

**3. സ്ഥലം സഭാ സ്വാതന്ത്ര്യവും ഭരണക്രമവും :**
ദൈവത്താൽ സ്ഥാപിതമായ പുതിയൊരു സംവിധാനമാണ് സഭ. പഴയനിയമത്തിൽ കാണുന്ന കാര്യങ്ങളിൽ ഒന്നുമായും സാദൃശ്യപ്പെടുത്താനോ ഉപമിക്കാനോ കഴിയാത്ത ദൈവത്തിന്റെ ഒരു നിസ്തുല്യ പ്രവൃത്തി. പെന്തക്കോസ്തു നാൾ വരെ സഭ എന്നതു മർമ്മമായിരുന്നു. പെന്തക്കോസ്തു നാൾ തുടങ്ങി ദൈവം സഭയെക്കുറിച്ചും സഭാ കാലയളവിനെക്കുറിച്ചും നിരവധി കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പോസ്തോല പ്രവൃത്തികൾ മുതൽ വെളിപ്പാടു വരെയുള്ള പുസ്തകങ്ങളിൽ നാം അതു കാണുന്നു. പ്രസ്തുത വിഷയങ്ങളെ ക്രോഡീകരിച്ചു പഠിക്കുമ്പോൾ മനുഷ്യ കല്പിതമായ ഒരു പ്രസ്ഥാനത്തെപ്പോലെ കൈകാര്യം ചെയ്യേണ്ട ഒന്നല്ല ദൈവസഭ എന്നു വ്യക്തമാകും.

ലോകമെമ്പാടുമായി വീണ്ടും ജനനം പ്രാപിച്ചവർ എല്ലാവരും ഉൾപ്പെടുന്ന ഒരു ബൃഹത് കുടുംബമാണ് ക്രിസ്തീയ സഭ. വിശ്വാസികൾ സഭയായി കൂടി വരണമെന്നു തിരുവെഴുത്തു കല്പിക്കുന്നു എങ്കിലും മനുഷ്യ നിർമ്മിതമായ അധികാരശ്രേണി പാടില്ലെന്നും വ്യക്തമാക്കുന്നു. ഈ പ്രമാണത്തിനു പിന്നിൽ അനേകം ദൈവോദ്ദേശ്യങ്ങളുണ്ട്. മനുഷ്യന്റെ നിയന്ത്രണത്തിലും തന്ത്രങ്ങളിലും സഭ അകപ്പെട്ടു പോകരുതെന്നതു അവയിലൊന്നാണ്. എന്നാൽ ഇതിനെതിരായി പ്രൊട്ടസ്റ്റന്റു സഭകളിൽ മിക്കതിലും തന്നെ മനുഷ്യകേന്ദ്രീകൃതമായ അധികാര ശ്രേണിയുണ്ട്. തന്മൂലം പ്രാദേശിക സഭകൾക്കു സ്വയം പ്രവർത്തന സ്വാതന്ത്ര്യമില്ല. തങ്ങളുടെ ഇഷ്ടത്തിനൊത്ത ആചാരാനുഷ്ഠാനങ്ങളും ദൈവശാസ്ത്രവും വിശ്വാസികളിൽ അടിച്ചേൽപ്പിക്കുവാനായി ഈ അധികാരശ്രേണി തങ്ങളുടെ ആധിപത്യം ഉപയോഗിക്കുന്നു. ഇതു പുതിയ നിയമ മാതൃകയ്ക്കു വിരോധമായ കാര്യമാണ്.

സ്ഥലം സഭാ സ്വാതന്ത്ര്യം എന്ന പുതിയ നിയമ മാതൃകയെ യഥാർത്ഥമായി പഠിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഏക

സഭാവിഭാഗം വേർപാടു സഭകൾ അഥവാ ബ്രദറൺ സഭകൾ ആണ്. ഓരോ സ്ഥലം സഭകളും സ്വതന്ത്രമാണ്. ഒരു പാസ്റ്റർക്കോ ബിഷപ്പിനോ സഭകളുടെ മേൽ അധികാരമില്ല. എങ്കിലും ബ്രദറൺ സഭകൾ ലോകമെങ്ങും നിലനിൽക്കുന്നതിനു കാരണം അവർ വേദപുസ്തക മാതൃക പിന്തുടരുന്നു എന്നതാണ്. ഓരോ സ്ഥലം സഭകളും പരിശുദ്ധാത്മാവിനാൽ നിയുക്തരായ മൂപ്പന്മാർ, സുവിശേഷകന്മാർ, ഉപദേഷ്ടാക്കന്മാർ, ഡീക്കന്മാർ എന്നിവരാൽ പരിപാലിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യനിർമ്മിതമായ അധികാര ശ്രേണികൾ വചനവിരുദ്ധമാകയാൽ വേർപാടു സഭകൾ അവയെ തള്ളിക്കളയുന്നു.

**4. സുവിശേഷീകരണത്തിന്റെ ആവശ്യകത :** പാപികളായവരോടു മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുവാനുള്ള സന്ദേശം നൽകണമെന്നതു ബൈബിളിന്റെ കേന്ദ്ര പ്രമേയങ്ങളിലൊന്നാണ്. സുവിശേഷീകരണത്തിന്റെ ആവശ്യകതയും അനുബന്ധ പ്രതിഫലനങ്ങളും വെളിപ്പെടുത്തുന്ന ഉത്തമ ഉദാഹരണമാണ് യോനയുടെ ചരിത്രം. യേശുക്രിസ്തു മാനസാന്തര സുവിശേഷം അറിയിച്ചുവെന്നു മാത്രമല്ല തന്റെ 12 ശിഷ്യന്മാരെ അതിനുവേണ്ടി പ്രത്യേകം നിയമിക്കുകയും ചെയ്തു. തുടർന്നു ക്രിസ്ത്യാനികൾ ആ ദൗത്യം ഏറ്റെടുത്തു.

ലോകമെങ്ങും പോയി ഉപദേശിക്കുക, ശിഷ്യരാക്കുക (മത്താ. 28:19) എന്ന കർത്തൃ കല്പനയ്ക്കു സഭായുഗത്തിന്റെ ആഗമനത്തോടെ കൂടുതൽ പ്രാധാന്യം ഉണ്ടായി. സഭായുഗത്തിനു തൊട്ടുമുമ്പാണ് കർത്താവ് ഈ വിഷയത്തിൽ കല്പന നൽകുന്നത്; "ആകയാൽ നിങ്ങൾ പുറപ്പെട്ടു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്താ. 28:19). ഈ കല്പന നിറവേറ്റുന്നതിന് പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തി ശിഷ്യന്മാർക്ക് ആവശ്യമായിരുന്നു പെന്തക്കോസ്തു നാളിൽ ആരംഭിച്ച സുവിശേഷീകരണം പരിശുദ്ധാത്മ ശക്തിയാൽ ക്രിസ്തുവിന്റെ പുനരാഗമനം വരെയും നടക്കണം. സുവിശേഷീകരണ ദൗത്യം കർത്താവ് സഭയെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. ക്രിസ്തു ശിഷ്യന്മാർ എത്ര ഗൗരവം സുവിശേഷീകരണത്തിനു നൽകുന്നുവോ അതേ പ്രാധാന്യം ഓരോ യുഗങ്ങളിലുമുള്ള സഭകളും നൽകേണ്ടതാണ്.

ഇക്കാലത്ത് പ്രൊട്ടസ്റ്റന്റ് സഭകളിൽ ചുരുക്കം ചിലതു മാത്രമേ സുവിശേഷീകരണത്തിനു പ്രാധാന്യം നൽകാറുള്ളു. മറ്റു സഭകളിൽ മനുഷ്യകല്പിതമായി സ്ഥാപിക്കപ്പെട്ട അധികാരശ്രേണി ജനങ്ങളെ സുവിശേഷീകരണത്തിന് പ്രോത്സാഹിപ്പിക്കുന്നതിനു പകരം അവർ കൊണ്ടുവന്ന ആചാരാനുഷ്ഠാനങ്ങൾ പിന്തുടരാൻ നിർബന്ധിക്കുന്നതിലാണ് അവർക്ക് താല്പര്യം. വചനത്തെ മാറ്റിവെച്ച് കർമ്മങ്ങൾക്കും കൂദാശകൾക്കുമായി ആളുകളെ വശീകരിച്ച് തങ്ങളുടെ അധികാരം ഉറപ്പിക്കുന്നു. എന്നാൽ ബ്രദറൺ പ്രസ്ഥാനം പ്രാരംഭകാലം മുതൽ തന്നെ സുവിശേഷീകരണത്തിന് ഒന്നാം സ്ഥാനം നൽകിയിരുന്നു. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നൽകിയ കല്പനയുടെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടു സമ്പൂർണ്ണ സമർപ്പണത്തോടും ആവേശത്തോടും കൂടെ ബ്രദറൺ വിശ്വാസികൾ സുവിശേഷവത്ക്കരണത്തിൽ പങ്കാളികളാകുന്നു. ചിലർ രോഗശാന്തി, ബാധയൊഴിപ്പിക്കൽ, സമൃദ്ധി വാഗ്ദാനം ചെയ്യൽ, പ്രവചനം തുടങ്ങിയ കാര്യങ്ങൾ സഭയിൽ ആളെ

കൂട്ടുന്നതിനായി ചെയ്യുന്നുവെങ്കിൽ, ബ്രദറൺ സഭകൾ അപ്രകാരമുള്ള യാതൊരു വശീകരണ തന്ത്രങ്ങളും സുവിശേഷീകരണത്തിനായി ഉപയോഗിക്കാറില്ല. അവർ മാനസാന്തര സുവിശേഷം ശക്തിയോടെ ഘോഷിക്കുകയും തൽപ്പരരായവരെ ദൈവവചനം ക്രമീകൃതമായി പഠിപ്പിക്കുകയും ചെയ്യുന്നതിൽ ശ്രദ്ധാലുക്കളാണ്. തിരുവചന പഠനത്താലും പരിശുദ്ധാത്മ ശക്തിയാലും മാനസാന്തരത്തിലേക്കും വേർപാടിലേക്കും ആളുകൾ കടന്നു വരണമെന്നതാണ് വേർപാടു സമൂഹത്തിന്റെ സുവിശേഷീകരണ ലക്ഷ്യം. സ്നാനപ്പെടുത്തി ശിഷ്യരാക്കുക എന്ന കല്പനയിലും വേർപാടുകാർ വചനത്തെ പൂർണ്ണമായും അനുസരിക്കുന്നു. നവീകരണ വേഷത്തിൽ എഴുന്നേൽക്കുന്ന ചില സംഘങ്ങൾ വിശ്വാസം മാത്രം മതി എന്നും സ്നാനം ആവശ്യമില്ലെന്നും പഠിപ്പിക്കുന്നുണ്ട്. ഇത്തരം ആശയങ്ങളെ വേർപാടു സഭകൾ വചനാനുസൃതം തള്ളിക്കളയുന്നു.

**5. സ്ഥലം സഭാ രൂപീകരണം :** കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകൾ നവീകരണത്തിന്റെയും സുവിശേഷീകരണത്തിന്റെയും സുവർണ്ണ കാലയളവായിരുന്നു. എന്നാൽ സുവിശേഷീകരണത്തിൽ മുൻപന്തിയിൽ നിന്ന പലരും വിശ്വാസികളെ അവർ നിന്ന മത ചുറ്റുപാടുകളിൽ തന്നെ തുടരാനുള്ള പ്രോത്സാഹനം ആണ് നൽകിയത്. ഇതിനുത്തമ ഉദാഹരണം ബില്ലി ഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷനാണ്. കോടിക്കണക്കിനു ആളുകളോട് സുവിശേഷം അറിയിച്ചു എന്നും ലക്ഷക്കണക്കിന് ആളുകൾ രക്ഷിക്കപ്പെട്ടു എന്നും ഇവർ പറയുന്നെങ്കിലും ശരിയായ ശിഷ്യപ്പെടുത്തലില്ല. രക്ഷിക്കപ്പെടുന്ന വ്യക്തി റോമൻ കത്തോലിക്കനാണെങ്കിൽ കത്തോലിക്കാ സഭയിലേക്കും ലൂഥറൻ ആണെങ്കിൽ ലൂഥറൻ സഭയിലേക്കു തന്നെയും തിരിച്ചുവിടുന്നു.

പല സുവിശേഷീകരണ സംഘങ്ങളും ഇത്തരം നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. സുവിശേഷം അറിയിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം. തന്മൂലം രക്ഷിക്കപ്പെട്ടവർ രക്ഷയുടെ സന്തോഷം നഷ്ടപ്പെട്ടവരായി പുരോഹിത വൃന്ദത്തിനു കീഴിലും മനുഷ്യകല്പിത ആചാരങ്ങൾ പിൻപറ്റിയും വിശ്വാസത്തിൽ വലഞ്ഞുപോകും. എന്നാൽ ബ്രദറൺ സഭകൾ വചനം അനുശാസിക്കുന്നതുപോലെ സുവിശേഷീകരണത്തിനും ശിഷ്യപ്പെടുത്തലിനും തുല്യപ്രാധാന്യം നൽകുന്നു. രക്ഷിക്കപ്പെടുന്നവരുടെ ആത്മീക വളർച്ചയിൽ വേർപാടുകാർ ശ്രദ്ധാലുക്കളാണ്. തന്മൂലം പുതിയ വിശ്വാസികൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സഭാ കൂടി വരവുകളും അവർ ആരംഭിക്കുന്നു. കൂടുന്ന സ്ഥലത്തിനോ ആളുകളുടെ എണ്ണമോ അല്ല അവർക്കു വിഷയം. വചനം അനുശാസിക്കുന്നതുപോലെ കൂടി വന്നു വചനം പഠിക്കുകയും കൂട്ടായ്മ അനുഭവിക്കുകയും അപ്പം നുറുക്കുകയും പ്രാർത്ഥിക്കുകയുമാണ് (അ.പ്ര. 2:42). പുതിയ വിശ്വാസികളുടെ ആത്മീക വളർച്ചയ്ക്ക് വേർപാടു സഭകൾ സമുന്നത സ്ഥാനം നൽകുന്നു. അതുകൊണ്ട് സഭകൾ സ്ഥാപിക്കുകയെന്നതു വേദപുസ്തകത്തിന്റെ ആളുകളായ വേർപാടുകാരുടെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇതും വേർപാടു സഭകളുടെ നിസ്തുല്യതയിൽ ഉൾപ്പെടുന്നു.

## വേദപുസ്തക പ്രകാരം തിരസ്ക്കരിക്കുന്ന കാര്യങ്ങൾ

സുവിശേഷം അനുസരിക്കുകയും മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു വരികയും ചെയ്യുന്നവർ ക്രിസ്തുവിനോടും ദൈവവചനത്തോടുമുള്ള അനുസരണത്തിന്റെ ഫലമായി വചന വിരുദ്ധ കാര്യങ്ങളോടു വേർപെട്ടു ജീവിക്കുന്നു. ജീവിതത്തിൽ വേർപാടുണ്ടാകണമെന്നതു ദൈവത്തിന്റെ

കല്പനയും രക്ഷിക്കപ്പെട്ടവരിൽ പരിശുദ്ധാത്മാവ് ചെയ്യുന്ന പ്രവൃത്തിയുമാണ്. വചനത്തിനു നിരക്കാത്ത കാര്യങ്ങളെ ത്യജിക്കുകയാണ് വേർപാടിലെ പ്രധാന കാര്യം. തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ചില കാര്യങ്ങൾ ത്യജിക്കണമെന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ശിംശോൻ. ഗർഭധാരണ സമയം മുതൽ തന്റെ ജീവിതത്തിൽ വർജ്ജിക്കേണ്ട കാര്യങ്ങളുടെ പട്ടിക തന്നെ ദൈവം നൽകുന്നു. പഴയ നിയമകാലത്തു പുരോഹിതന്മാർ വേർപാടു പാലിക്കേണ്ടവരായിരുന്നു. സാമാന്യ ജനങ്ങളെപ്പോലെ ജീവിക്കേണ്ടവരായിരുന്നില്ല.

രക്ഷാനിർണ്ണയം പ്രാപിച്ച് നാമധേയ ക്രിസ്തീയ സഭകളിൽ നിന്നു വേർപെട്ടു വന്നവരും വചനത്തോടു സമ്പൂർണ്ണ സമർപ്പണമുള്ളവരുമായിരുന്നു ബ്രദറൺ സഭാപിതാക്കന്മാർ. വേർപെട്ടുപോന്ന അവർ ആദ്യം ചെയ്തതു വചന വിരുദ്ധമായ ചില കാര്യങ്ങളെ തള്ളിക്കളയുകയായിരുന്നു. അവയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആഡംബരം, മോടി പ്രദർശനം

2. മനുഷ്യാധിഷ്ഠിത അധികാര ശ്രേണി

3. ശമ്പളക്കാരായ പുരോഹിതർ

4. മനുഷ്യനിർമ്മിത കൂദാശകളും ആചാരാനുഷ്ഠാനങ്ങളും

**1. ആഡംബരം, മോടി പ്രദർശനം :** ആഡംബരപരമായ കാര്യങ്ങളോട് ആകർഷണമുള്ള മനസ്സാണ് മനുഷ്യന്റേത്. തന്മൂലം എല്ലാ മതങ്ങളും ഈ ആഡംബര പ്രദർശനത്തിനുള്ള വേദികൾ ആത്മീക പരിവേഷം നൽകി അവതരിപ്പിക്കുന്നു. 1800കളിൽ ഈ പ്രതിഭാസം ലോകവ്യാപകമായി വെളിപ്പെട്ടു. വ്യാവസായിക സാമ്രാജ്യകളിലും വികസിത രാഷ്ട്രങ്ങളിലുമുള്ള പണക്കാരായ ക്രിസ്ത്യാനികൾ തങ്ങളുടെ പ്രതാപ പ്രദർശനത്തിനുള്ള വേദിയാക്കി ക്രിസ്തീയ ദേവാലയങ്ങളെ രൂപാന്തരപ്പെടുത്തി. അത്തരം മത്സരങ്ങളും സഭാന്തരീക്ഷത്തിൽ വെളിപ്പെട്ടു തുടങ്ങി. ആളുകളെ ആകർഷിക്കുന്നതിനുള്ള മണിമന്ദിരങ്ങളായി ദേവാലയങ്ങൾ മാറിയെന്നു മാത്രമല്ല സാധാരണക്കാരുടെമേൽ ആധിപത്യം സ്ഥാപിക്കാനുള്ള ഒരുപാധിയായും ദേവാലയങ്ങളെ ധനികർ ഉപയോഗിച്ചു.

ഇത്തരം ബാഹ്യപ്രദർശനങ്ങളെ ഒഴിവാക്കുകയാണ് വേർപാടു വിശ്വാസികൾ ആദ്യം ചെയ്തത്. സഭാ ശുശ്രൂഷകളിൽ എല്ലാവർക്കും അവസരങ്ങൾ നൽകി. എഴുതി പഠിച്ചുള്ള പ്രാർത്ഥനകളും മറ്റും തിരസ്ക്കരിച്ചു. മോടിയോ അലങ്കാരങ്ങളോ ഇല്ലാത്ത കെട്ടിടങ്ങൾ സഭാ ഹാളുകളായി ഉപയോഗിച്ചു, വിവാഹം ശവസംസ്കാരം തുടങ്ങിയവ ലളിതമാക്കി. യിസ്രായേൽ ജനം പിച്ചള സർപ്പത്തെ നെഹുഷ്ടാൻ എന്ന പേരു നൽകി ആരാധിച്ചു വിഷളത്വം പ്രവർത്തിച്ചതുപോലെ സംഭവിക്കാതിരിപ്പാൻ സഭാഹാളിൽ ക്രൂശിന്റെ ചിത്രം പോലും വയ്ക്കില്ലെന്നും പിതാക്കന്മാർ തീരുമാനിച്ചു. കർത്താ





വിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നതിൽ നാം ശ്രദ്ധിക്കുന്നു. ആർഭാടത്തിന്റെ മുഖമുദ്രയായ സ്വർണ്ണാഭരണങ്ങൾ ത്യജിച്ചു. കേരളത്തിലെ പിതാക്കന്മാർ ഇക്കാര്യത്തിൽ കർശന നിലപാടുള്ളവരും മാതൃകാപുരുഷന്മാരുമായിരുന്നു. പുരോഹിതരെന്നും അൽമായരെന്നുമുള്ള വിവേചനം ഇല്ലാതായി. എല്ലാ വിശ്വാസികളും ദൈവമുമ്പാകെ തുല്യയോഗ്യതയുള്ള പുരോഹിതരാണെന്നു വചനത്തോടു ചേർന്നു അവർ പഠിപ്പിക്കയും പ്രവർത്തികമാക്കുകയും ചെയ്തു. അങ്ങനെ ബ്രദറൺ സഭാ പിതാക്കന്മാർ സഭയിൽ കടന്നുകൂടിയ ആഡംബരപരമായ കാര്യങ്ങളെ പരിത്യജിച്ച് ഒന്നാം നൂറ്റാണ്ടിൽ സഭയ്ക്കുണ്ടായിരുന്ന ലാളിത്യത്തിലേക്കും സമത്വത്തിലേക്കും തിരിച്ചുവന്നു.

അതേനില ഇന്നും തുടർന്നുവരുന്നു. ചിലർ ഈ വിഷയത്തിൽ അനുരഞ്ജനപ്പെടാൻ ശ്രമിക്കുന്നെങ്കിലും വേർപാടു സഭകളെ മൊത്തത്തിൽ എടുക്കുമ്പോൾ പിതാക്കന്മാർക്കു ലഭിച്ച ആത്മീക വെളിച്ചത്തിലും വേർപാടിലും ത്യജിക്കേണ്ട കാര്യങ്ങൾ ത്യജിച്ചുകൊണ്ടാണ് ബ്രദറൺ സഭകൾ മുന്നേറുന്നത്. കേരളത്തിൽ വേർപെട്ട ജീവിതത്തിന്റെ ബാഹ്യപ്രദർശനമായ ആഭരണം ഒഴിവാക്കൽ ബ്രദറൺ സഭകൾ പിന്തുടരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോഴും പിതാക്കന്മാർ ഉപേക്ഷിച്ചതു തിരിച്ചെടുക്കാതിരിക്കാൻ വിശ്വാസികൾ ജാഗ്രത പാലിക്കുന്നു.

**2. മനുഷ്യകല്പിതമായ അധികാരശ്രേണി :** സഭാകാലയളവിൽ അധികാര ശ്രേണിയില്ല. നാം ഇങ്ങനെ വായിക്കുന്നു; “അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ” (ഗലാ. 3:28). ഈ നിലയിൽ എല്ലാ വിധത്തിലുള്ള അധികാര ശ്രേണിയെയും സഭയിൽ നിന്നും ദൈവാത്മാവ് അകറ്റിയിരിക്കുന്നു. പ്രത്യേക പുരോഹിത വൃന്ദമോ, സ്ഥാനമാനങ്ങളോ വിഭാഗീയ തലങ്ങളോ ഇല്ല. വേർപാടു സഭകളിൽ പ്രത്യേക പുരോഹിത വർഗ്ഗമോ അയ്മേനി തിരുമേനി വ്യത്യാസമോ ഇല്ല. സഭായൂണിയനുകളോ കേന്ദ്രങ്ങളോ കേന്ദ്രീകൃത ഭരണ സംവിധാനമോ ഇല്ല. സ്ഥലം സഭകൾ വചനാനുസൃതം ഇടയന്മാരാൽ പരിപാലിക്കപ്പെടുന്നു.

ദൈവസഭയുടെ പുതിയനിയമ ക്രമീകരണം മാനുഷിക ബുദ്ധിക്കു ഭോഷത്വമായി തോന്നും. എന്നാൽ മനുഷ്യബുദ്ധി പ്രകാരമുള്ള കേന്ദ്രീകൃത ഭരണം വളരെ ദോഷം സഭയ്ക്കു ചെയ്യും. ചിലരെ പുരോഹിതരായി തിരഞ്ഞെടുത്താൽ അവരുടെ കീഴിൽ അനേകായിരങ്ങളെ കൊണ്ടുവരാൻ സാധിക്കും. ഈ പുരോഹിതന്മാർക്കു തങ്ങളുടെ കീഴുള്ളവരെ തന്നിഷ്ടപ്രകാരം നയിക്കാനും സാധിക്കും. പുരോഹിതർ വചനം വ്യാഖ്യാനിക്കുന്നതു തെറ്റാണെങ്കിൽ പോലും നിശബ്ദതയോടെ വിശ്വാസികൾ അതനുസരിക്കേണ്ടിയും വരും. ഇത്തരം വിഷമതകളിൽ നിന്നും വചനം അനുശാസിക്കും പ്രകാരം വിശ്വാസികൾ സ്വതന്ത്രരാകേണ്ടതിനു വചനാനുസൃതമുള്ള ക്രമീകരണമാണ് സഭകളിൽ ആവശ്യം. എന്നാൽ ഇന്നു ഭൂരിഭാഗം

ക്രിസ്തീയ സഭാ വിഭാഗങ്ങളിലും അധികാര ശ്രേണിയുണ്ടെന്നു മാത്രമല്ല അവർ വിശ്വാസികളെ തിരുവചന സത്യങ്ങളിൽ നിന്നും അകറ്റിക്കളയുകയും ചെയ്യുന്നു. അധികാര ശ്രേണിയുടെ ലക്ഷ്യംതന്നെ ആളുകളെ അടിമകളാക്കുകയാണ്.

തിരുവചന നിലപാടിനെ ശിരസാ വഹിച്ചു കൊണ്ട് ബ്രദറൺ സഭകൾ എല്ലാവിധ അധികാര ശ്രേണികളെയും തള്ളിക്കളയുന്നു. എക്യുമെനിസം (സർവ്വ സഭാ ഐക്യം),




സഭാസംഘടനകൾ, കേന്ദ്രീകൃത നേതൃത്വം തുടങ്ങിയവയെ വേർപാടു സഭകൾ യാതൊരു നിലയിലും ആശ്ലേഷിക്കുന്നില്ല. പുതിയ നിയമ ഉപദേശത്താലും മാതൃകയാലും വേർപാടുകാർ പുരോഹിതവൃന്ദത്തെയോ പുരോഹിതരുടെ സഭകളെയോ ക്രിസ്തീയ സാമുദായിക സംഘങ്ങളെയോ അംഗീകരിക്കയോ പങ്കുചേരുകയോ ചെയ്യുന്നില്ല. ചിലർ എക്യുമെനിസത്തെയും പട്ടത്വ സഭകളെയും കൂട്ടുപിടിക്കാറുണ്ടെങ്കിലും അവയെല്ലാം ഏകലോകമതമെന്ന മർമ്മം മഹതിയാം ബാബിലോണി(വേശ്യകളുടെ മാതാവ്)ലേക്കുള്ള പാതയെന്നു മനസ്സിലാക്കി വേർപാടു സഭകൾ അത്തരം പ്രവണതകളെ തിരസ്ക്കരിക്കുന്നു. ക്രിസ്തീയ സഭയുടെ പവിത്രതയ്ക്കു വേർപാടു പ്രസ്ഥാനം വലിയ വില കല്പിക്കുകയും അതിന്റെ പവിത്രമായ നിലനിൽപ്പിനുവേണ്ടി വലിയ വില കൊടുക്കുകയും ചെയ്യുന്നു. നമ്മുടെ പിതാക്കന്മാർ ദോഷമെന്നു തിരിച്ചറിഞ്ഞ് പുറന്തള്ളിയ കാര്യങ്ങളെ വീണ്ടും കൊണ്ടുവരാൻ ശ്രമിക്കുന്നവരെ ചെറുക്കേണ്ടതു വേർപാടുകാരായ നമ്മുടെ കടമയാണ്.

**3. ശമ്പളക്കാരായ പുരോഹിതരുടെ തിരസ്ക്കരണം :** വചനപ്രകാരം വേലക്കാരനാണ് കൂലി കൊടുക്കേണ്ടത്. ലോകനിയമ പ്രകാരം പുരോഹിതരെ സഭയിൽ നിയമിച്ചതോടുകൂടി അവർക്കു ശമ്പളം കൊടുക്കുന്ന രീതിയും സഭയിൽ കടന്നുകൂടി. അങ്ങനെ പട്ടത്വ സഭകളിലെയും കേന്ദ്രീകൃത ഭരണ സംവിധാനമുള്ള സഭകളിലെയും ശുശ്രൂഷകർ/പുരോഹിതർ കർത്താവിന്റെ ശുശ്രൂഷക്കാരല്ല; സഭയുടെ വേലക്കാരാണ്. ഗവൺമെന്റ് സ്ഥാപനങ്ങളിലെന്നപോലെ ഇവർ തങ്ങൾക്കു മേലുള്ളവരുടെ ആജ്ഞാനുവർത്തികൾ മാത്രമാണ്. ശിക്ഷാനടപടികളാലുള്ള സ്ഥാനമാറ്റവും സ്ഥാനക്കയറ്റത്തിനുള്ള ചരടുവലികളും ഒക്കെ ഇത്തരം സഭകളിൽ നടക്കുന്നു.

ലോക നിയമപ്രകാരം ദൈവസഭയെ നയിക്കാൻ നോക്കുന്നതിന്റെ പരാജയമാണിത്. പുതിയ നിയമ സഭയിൽ ശമ്പളം നൽകി പുരോഹിതരെയോ ശുശ്രൂഷകരെയോ നിയമിക്കുന്നതിനെ സാധൂകരിക്കുന്ന ഉപദേശമോ

മാതൃകയോ വചനത്തിൽ ഇല്ല. ശമ്പളാധിഷ്ഠിത ശുശ്രൂഷക നിയമനത്തെ ജഡിക വ്യവസ്ഥ എന്നു വചനവെളിച്ചത്തിൽ മുദ്രകുത്തിയ വേർപാടു സഭകൾ അത്തരം പ്രവണതകളെ തിരസ്ക്കരിക്കുന്നു. സ്ഥലം സഭകളിൽ ഇടയന്മാരായും സുവിശേഷകന്മാരായും പ്രവർത്തിക്കുന്നവർ സഭയുടെ ഭരണാധികാരികളോ ശമ്പളക്കാരോ അല്ല. അവർ ദൈവത്തിന്റെ ശുശ്രൂഷകരാണ്. ആ ബോദ്ധ്യത്താൽ സഭ അവരെ ശമ്പളക്കാരായി കാണുന്നില്ല. അധികാരത്തിലുള്ള ചില വ്യക്തികളുടെ സ്വാധീനത്താൽ നല്ല സഭകളിലേക്കുള്ള സ്ഥാനമാറ്റമോ കുറവുകൊണ്ട് നിലവാരം കുറഞ്ഞ സഭകളിലേക്കുള്ള തരംതാഴ്ത്തലോ ഇല്ല. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടങ്ങളെയെല്ലാം തുല്യ പ്രാധാന്യത്തിൽ വേർപാടു സഭകൾ വചനവെളിച്ചത്തിൽ കാണുന്നു. തെറ്റിലകപ്പെട്ടു പോകുന്നവരെ സ്ഥലം സഭകളിൽ തന്നെ ശിക്ഷണം നൽകി യഥാസ്ഥാനപ്പെടുത്തുന്നു. ഇതു വചനാനുസൃതമായ ശിക്ഷണ ക്രമമാണ്.




വേർപാടു സഭകളിൽ ശുശ്രൂഷകർ വിശ്വാസത്താൽ ജീവിക്കുന്നു. വിശ്വാസികൾ ആത്മപ്രേരണയ്ക്കനുസരിച്ചു ശുശ്രൂഷകന്മാർക്കു ദാനങ്ങൾ കൊടുക്കുന്നു. വേദപുസ്തക മാതൃകയെ കൃത്യമായി പിൻപറ്റാൻ ബ്രദറൺ വിശ്വാസികളും സഭകളും ജാഗ്രത കാട്ടുന്നു.

**4. മനുഷ്യനിർമ്മിതമായ കൂദാശകളും ആചാരങ്ങളും തിരസ്ക്കരിക്കുന്നു :** ലോകത്തിലെ ഭരണ വ്യവസ്ഥ സഭയിൽ കൊണ്ടുവരാനുള്ള പ്രവണത ക്രിസ്ത്യാനികളിൽ പലർക്കും ഉണ്ടെന്നതുപോലെ തന്നെ ലോകത്തിലെ ആചാരാനുഷ്ഠാനങ്ങൾ കൊണ്ടുവരാനുള്ള പ്രവണതയുമുണ്ട്. അങ്ങനെ കൊണ്ടുവരപ്പെടുന്ന കർമ്മ കൂദാശാദികൾ തിരുവചന സത്യത്തെ വിശ്വാസികൾക്കു മുമ്പിൽ മറയ്ക്കുന്നു.

ഇതിനുത്തമ ഉദാഹരണമാണ് നാമധേയ സഭകളും കരിസ്മാറ്റിക് സഭകളും വിശ്വാസികളുടെ മേൽ തളിക്കുന്ന വിശുദ്ധ ജലം (Holy Water). അക്രൈസ്തവരായവർ വീടു കൂദാശയ്ക്കും, ശവദാഹത്തിനും, വിഗ്രഹ സമർപ്പണത്തിനും മറ്റും വെള്ളം തളിക്കുന്നതുപോലെ പട്ടത്വ സഭക്കാരായ ക്രിസ്ത്യാനികളും ചെയ്യുന്നു. അഭിഷേകം എന്ന് ഈ പ്രവൃത്തിയെ ഇക്കൂട്ടർ വിശേഷിപ്പിക്കുന്നു. സഭയ്ക്കു നൽകപ്പെട്ട ഉപദേശങ്ങൾക്കു ഘടകവിരുദ്ധമായ ജാതീയ ആചാരങ്ങളാണിവ.

അതുപോലെതന്നെ വചന വിരുദ്ധമായ അനേകം പ്രമാണങ്ങളും ഇത്തരം സഭകൾ എഴുതിയുണ്ടാക്കിയിട്ടുണ്ട്. വചനത്തെ ത്യജിച്ച് ഇത്തരം മനുഷ്യ നിർമ്മിതമായ പ്രമാണങ്ങളെ അനുസരിക്കാൻ ഈ സഭകൾ വിശ്വാസികളെ നിർബന്ധിക്കുന്നു. ഭൂതസേവ മുതൽ വിഗ്രഹാരാധന വരെയുള്ള കാര്യങ്ങളും മരിച്ചവരെ വിശുദ്ധരാക്കുന്നതും ബിഷപ്പുമാരെയും വിശുദ്ധരാക്കപ്പെട്ടവരെയും ദൈവത്തിനു തുല്യരാക്കുന്ന പ്രവൃത്തികളും ഇത്തരം സഭകളിൽ പ്രകടമാണ്. ബിഷപ്പുമാരെ തിരുമേനി (His grace) എന്നു വിശേഷിപ്പിക്കുന്നതു സാധാരണമാണ്. ദൈവത്തോടുള്ള ബന്ധത്തിൽ മാത്രം ഉപയോഗി

ക്കേണ്ട വിശേഷണമാണവ. കൂടാതെ പുരോഹിതർ സന്യാസജീവിതം (അവിവാഹിതരായവർ) നയിക്കാനുള്ള നിബന്ധനയും ഇത്തരം സഭകളിലുണ്ട്. തിരുവെഴുത്തിൽ ഇത്തരം ഒരു പ്രവണതയ്ക്കു യാതൊരു ന്യായീകരണവും കാണുന്നില്ല. അതുപോലെ സന്യാസിനികൾ സഭാ ശുശ്രൂഷകളിൽ വരുന്നതിനുള്ള അനുവാദ ചീട്ടും വചനത്തിൽ ഇല്ല. വിവാഹം കഴിച്ച് സന്താനങ്ങളാൽ അനുഗ്രഹിക്കപ്പെടുകയും വർദ്ധിച്ചു പെരുകുകയും വേണം എന്ന ദൈവകല്പനയോടുള്ള മത്സരമാണ് ഇത്തരം പഠിപ്പിക്കലുകൾ. ഇത്തരം സമർപ്പിത സന്യാസികളുടെ മദ്ധ്യേ പെരുകുന്ന അധാർമ്മികത ആരെയും ഞെട്ടിപ്പിക്കുന്ന തരത്തിലുള്ളതാണ്. ചില പ്രൊട്ടസ്റ്റന്റ് സഭകളിലും പാസ്റ്റർമാരായി അവരോധിക്കപ്പെടുന്നവർ കുടുംബത്തെ ഉപേക്ഷിക്കണമെന്നു പഠിപ്പിക്കുന്നു. ഇതും തിരുവെഴുത്തിന്റെ ലംഘനമാണ്.

മനുഷ്യരീതികളെ ദൈവികമായി ചിത്രീകരിക്കാൻ ലോക മനുഷ്യനു ശങ്കയില്ല. എന്നാൽ ദൈവവചനം അത്തരം പ്രവണതകളെ കർശനമായി വിലക്കുന്നു. തിരുവചനത്തിലെ കല്പനകളെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടു വേർപാടു സഭകൾ മനുഷ്യനിർമ്മിതങ്ങളായ ഇത്തരം കർമ്മകൂദാശാദികളെ ത്യജിക്കുന്നു.

ബ്രദറൺ പ്രസ്ഥാനം
ശരിയായ ഉപദേശം,
ശരിയായ ഊന്നലുകൾ,
വചനാനുസൃത തിരസ്ക്കരണങ്ങൾ
എന്നിവയിൽ അഗ്രഗണ്യരും
ജാഗ്രതയുള്ളവരുമാണ്.
സഭയിൽ കടന്നുവരുന്ന
മനുഷ്യാധിഷ്ഠിതമായ സകല
ആചാരങ്ങളെയും
വേർപാടു സഭകൾ തിരസ്ക്കരിക്കുന്നു.
അങ്ങനെ പുതിയ നിയമ
തത്വങ്ങളോടു ഏറ്റവും അടുത്തു
കൂറു പുലർത്തുന്ന നിസ്തുല്യ
സഭാ വിഭാഗമാണ്
ബ്രദറൺ/വേർപാട് സഭകൾ.

## ഉപസംഹാരം

പ്രൊട്ടസ്റ്റന്റ് നവീകരണകാലത്തിന്റെ ആരംഭം മുതൽ തന്നെ പല സഭാ വിഭാഗങ്ങളും പുതിയ നിയമത്തോടു അടുത്തു ജീവിക്കാൻ ശ്രമിക്കുന്നുണ്ട്. പുതിയ നിയമ സഭാമാതൃകയോടു അനുരൂപപ്പെടണമെങ്കിൽ ശരിയായ ഉപദേശവും ശരിയായ ഊന്നലുകളും ദൈവവചനം തിരസ്ക്കരിക്കുന്ന കാര്യങ്ങളുടെ തിരസ്ക്കരണവും ഉണ്ടാകണം.

ചില സഭകൾ ശരിയായ ഉപദേശമുണ്ട്. എന്നാൽ ഊന്നൽ കൊടുക്കേണ്ട വിഷയങ്ങളിൽ അനുരഞ്ജനം അനുവർത്തിക്കുന്നു. മറ്റു ചിലർ ശരിയായ ഊന്നലുകൾ നൽകുന്നെങ്കിലും ഉപദേശപരമായി വ്യതിചലിക്കപ്പെടുന്നു. തന്മൂലം വേദപുസ്തകാധിഷ്ഠിത വിശുദ്ധ ജീവിതം എന്നതിലുപരി ദൈവത്തിന്റെ സ്ഥാനത്തേക്കു മനുഷ്യനെ അവരോധിക്കുന്നു. തന്നെയുമല്ല വിശ്വാസമല്ല, നല്ല പ്രവൃത്തിയാണ് ആവശ്യം എന്നു പഠിപ്പിക്കുന്നു. രക്ഷ ദൈവാധിഷ്ഠിതമെന്നതിനു പകരം കർമ്മാധിഷ്ഠിതമായി പഠിപ്പിക്കുന്നു. വേറെ ചിലർ കർമ്മകൂദാശകളിലൂടെ സഭയിലേക്കു ആളുകളെ കൊണ്ടുവരാൻ ശ്രമിക്കുന്നു. പക്ഷെ ജാതീയവൽക്കരിക്കപ്പെട്ട ആളുകളാണ് ഉടലെടുക്കുന്നത്.

എന്നാൽ ബ്രദറൺ പ്രസ്ഥാനം ശരിയായ ഉപദേശം, ശരിയായ ഊന്നലുകൾ, വചനാനുസൃത തിരസ്ക്കരണങ്ങൾ എന്നിവയിൽ അഗ്രഗണ്യരും ജാഗ്രതയുള്ളവരുമാണ്. സഭയിൽ കടന്നുവരുന്ന മനുഷ്യാധി

ഷ്ഠിതമായ സകല ആചാരങ്ങളെയും വേർപാടു സഭകൾ തിരസ്ക്കരിക്കുന്നു. അങ്ങനെ പുതിയ നിയമ തത്വങ്ങളോടു ഏറ്റവും അടുത്തു കൂറു പുലർത്തുന്ന നിസ്തുല്യ സഭാ വിഭാഗമാണ് ബ്രദറൺ അഥവാ വേർപാട് സഭകൾ.

ഈ പുസ്തകം വായിക്കുന്ന ചിലർക്കെങ്കിലും ഇതിലെ പരാമർശങ്ങൾക്കു വിരോധമായ നിലയിലുള്ള കാര്യങ്ങൾ കുറവുകളായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിച്ചേക്കാം. നമ്മിൽ പാപ സ്വഭാവമുള്ള കാലത്തോളം കുറവു വശങ്ങൾ നമ്മിൽ ഉണ്ടാകുമെന്നതു ഓർക്കുക. അതുപോലെ ഒന്നോ അതിലധികമോ സഭയിലോ വിശ്വാസികളിലോ ഉണ്ടാകുന്ന വീഴ്ചകളെ ബ്രദറൺ സമൂഹത്തിന്റെ പൊതു ദർശനത്തിന്റെയും നിലപാടിന്റെയും പതനമായി കാണരുത്. തെറ്റിനെ കണ്ടു ചോദ്യം ചെയ്യുന്നതിനു മുമ്പ് വേർപാടു സഭയുടെ ഭാഗമായ ഞാൻ വേർപാട് ഉപദേശത്തോടും ഊന്നലുകളോടും തിരസ്ക്കരണത്തോടും കൂറു പുലർത്തുന്നുവോ എന്നു സ്വയം ചോദിച്ചാൽ അനുഗ്രഹിക്കപ്പെടും എന്നതു തീർച്ച. ഞങ്ങളുടെ വായനക്കാർ ഈ ചോദ്യങ്ങൾ തങ്ങളോടുതന്നെ ചോദിക്കയും പുനർ സമർപ്പണം ചെയ്യുകയും ചെയ്താൽ വേർപാടു സഭകളിൽ ആദ്യ നൂറ്റാണ്ടിലേതുപോലൊരു ആത്മീക ഉണർവ്വും ചൈതന്യവുമുണ്ടാകും.

നമ്മുടെ പിതാക്കന്മാർ നിലകൊണ്ട ഉപദേശങ്ങളെക്കുറിച്ചും ഊന്നലുകളെക്കുറിച്ചും വേർപാടിനോടുള്ള ബന്ധത്തിൽ തിരസ്ക്കരിച്ച കാര്യങ്ങളെയും വേർപാടു വിശ്വാസികളെ ഒന്നു ഓർമ്മപ്പെടുത്തുക എന്നതാണ് ഈ പുസ്തകത്തിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത്.

വേർപാടു സഭകൾ ഉപദേശം കൊണ്ടും ജീവിതം കൊണ്ടും നിസ്തുല്യ സവിശേഷതകളുള്ളതാണ്. ആ സവിശേഷതകളെക്കുറിച്ചൊരു ബോധ്യം ഈ പുസ്തകത്തിലൂടെ നിങ്ങൾക്കു ലഭിച്ചു എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. നമുക്ക് ഒന്ന് ഉണരാം. നമ്മുടെ പിതാക്കന്മാർ നിലകൊണ്ട ഉപദേശ സത്യങ്ങൾക്കും വേർപാടിനും വേണ്ടി നമ്മെതന്നെ സമർപ്പിക്കാം. തിരസ്ക്കരിക്കേണ്ട കാര്യങ്ങളെ തിരസ്ക്കരിക്കാം. വേർപാടു സഭകളുടെ ഉന്നമനത്തിനായി നമുക്ക് കൈകോർക്കാം. പ്രാർത്ഥനയിലും വചന പഠനത്തിലും ഒരുമിച്ചുണരാം. പുതിയൊരുണർവ്വും ചൈതന്യം വേർപാടു സഭകളിൽ അല തല്ലട്ടെ. വേർപാടു സഭകളുടെ മഹത്വം വെളിപ്പെടട്ടെ. കർത്താവു വരുവാൻ അടുത്തിരിക്കുന്നു.



# ഗ്രന്ഥകർത്താക്കൾ



**ഡോ. ജോൺസൺ സി. ഫിലിപ്പ്:** ഊർജ്ജതന്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റു നേടിയിട്ടുള്ള ഇദ്ദേഹം ക്രിസ്തീയ ന്യായവാദജ്ഞനും എഴുത്തുകാരനുമാണ്. ഇദ്ദേഹത്തിന്റെ തൂലികയിൽ നിന്നും 7000ൽപരം ലേഖനങ്ങളും 75ൽ പരം പുസ്തകങ്ങളും ക്രൈസ്തവ കൈരളിക്കു ലഭിച്ചിട്ടുണ്ട്.



**ഡോ. സനീഷ് ചെറിയാൻ:** സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും ദൈവശാസ്ത്രത്തിലും വേദപുസ്തക ശാസ്ത്രത്തിലും ഡോക്ടറേറ്റും നേടിയിട്ടുള്ള ഇദ്ദേഹം സോഷ്യോളജിയിൽ ഗവേഷണം നടത്തുന്നു. ഇദ്ദേഹം സമ്പൂർണ്ണ ദൈവശാസ്ത്രം, ക്രിസ്തീയ ന്യായവാദശാസ്ത്രം, സത്യം ബൈബിൾ എൻസൈക്ലോപീഡിയ തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചനയിൽ പങ്കുവഹിച്ചിട്ടുണ്ട്.

